നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

മാർച്ച് 2007

3.00 ക.

# പത്രങ്ങൾ കാണാത്ത ദൃശ്യം



അംബേദ്കർ ധർമ്മദീക്ഷ സ്വീകരിച്ച് ബുദ്ധമതത്തിൽ ചേർന്നതിന്റെ സുവർണ്ണ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുക്കാൻ ഒക്ടോബർ 2ന്ന് നാഗ്പൂരിലെ ദീക്ഷാഭൂമിയിൽ സമ്മേളിച്ച ജനലക്ഷങ്ങൾ – നമ്മുടെ മാധ്യമങ്ങൾ കാണാൻ കൂട്ടാക്കാതിരുന്ന ദൃശ്യം. (പശ്ചാത്തലത്തിൽ കാണുന്ന സ്തൂപത്തിലാണ് അംബേദ്കറുടെ ചിതാഭസ്മം സൂക്ഷിക്കുന്നത്.)

119

# ‘തുർക്കിത്ത’ ത്തിന്ന് ഒരിര



ഫ്രാന്ത് ഡിങ്ക്

തുർക്കി യിലെ പ്രമുഖ പത്രപ്രവർത്തകനായ ഫ്രാന്ത് ഡിങ്ക് (53) ഒരു വംശവെറിയന്റെ വെടിയേറ്റുമരിച്ചു. അർമേനിയൻ വംശജനായ ഡിങ്ക് “ആഗോസ്” എന്ന വാരികയുടെ പത്രാധിപരാണ്. പതിനേഴുവയസ്സുള്ള ഒഗുൻ സമസ്ത് എന്ന വലതുപക്ഷ തീവ്രവാദിയാണ് ഘാതകൻ.

കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്ന സ്വഭാവക്കാരനായ ഡിങ്ക് തുർക്കിയിലെ സർവ്വാദരണീയനായ പത്രപ്രവർത്തകനാണ്. പക്ഷെ തുർക്കിയിലെ കോടതിയായും യാഥാസ്ഥിതികരായും ഇദ്ദേഹത്തിന്ന് ഏറ്റുമുട്ടേണ്ടിവരാറുണ്ട്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ, ഓട്ടോമൻ സാമ്രാജ്യം തകർന്നടിയുന്ന അവസരത്തിൽ പതിനഞ്ചുലക്ഷത്തോളം അർമേനിയൻ വംശജരെ തുർക്കികൾ കൂട്ടക്കൊലചെയ്തിരുന്നു. ഈ നരഹത്യാകേസ് ഒരു നൂറ്റാണ്ടോളം കാലമായി തുർക്കിക്ക് ഒരു തലവേദനയാണ്. ആഭ്യന്തര കലാപത്തിലാണ് അർമേനിയക്കാർ മരിച്ചതെന്നു തുർക്കി പറയുന്നു. മൂന്നുലക്ഷം അർമേനിയക്കാരും ഏതാണ്ടത്രതന്നെ തുർക്കികളും കൊല്ലപ്പെട്ടിട്ടുണ്ടെന്നും തുർക്കി വാദിക്കുന്നു.

തുർക്കിത്തത്തിന്ന് അവഹേളനാത്മകമായി എന്തെങ്കിലും പറയുന്നത് ശിക്ഷാർഹമാക്കുന്ന ഒരു നിയമം തുർക്കിയിലുണ്ട്. തുർക്കി നടത്തിയ കൂട്ടക്കൊലയെപ്പറ്റി എഴുതിയതിന്ന് ഡിങ്കിനെ കോടതി ആറുമാസത്തെ തടവിന്ന് ശിക്ഷിച്ചിരുന്നു. ആ വിധി സസ്പെൻഡ് ചെയ്യപ്പെട്ടിരിക്കുകയാണ്. അതിന്നിടയിലാണ് ഡിങ്ക് വധിക്കപ്പെട്ടത്.

തുർക്കി പ്രധാനമന്ത്രി എർഡോഗൻ മുതൽക്കിങ്ങോട്ട് മിക്കവരും ഈ അതിക്രമത്തെ അപലപിക്കുകയുണ്ടായി. ഒരു പിടിവരുന്ന യാഥാസ്ഥിതികർ രാജ്യത്തിന്നാകെ നാണക്കേടുവരുത്തിത്തീർക്കുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ❑

ജനനീതി

മാർച്ച് 2007
**119**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# വനവും പോകും വനവാസിയും പോകും 'അവകാശം' ബാക്കിവരും

**കാ**ട്ടിലുള്ളവർക്കെല്ലാം വനഭൂമിയിൽ അവകാശം നൽകുന്ന ഒരു ബിൽ ഡിസംബർ 18ന് പാർലിമെന്റ് പാസാക്കുകയുണ്ടായി. വനവാസികളുടെ സംരക്ഷകരെന്നവകാശപ്പെടുന്ന, അല്ലെങ്കിൽ വോട്ടിൽ കണ്ണുള്ള, നേതാക്കൻമാരെല്ലാം ഈ നിയമനിർമ്മാണത്തെ സാഘോഷം കൊണ്ടാടി; അതേസമയം വോട്ടിനെച്ചൊല്ലി വേവലാതിപ്പെടാത്ത, വനത്തിലും വന്യജീവികളിലും താല്പര്യമുള്ള, അല്ലെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിൽ വ്യാകുലപ്പെടുന്ന പൊതുപ്രവർത്തകർ ഈ നിയമനിർമ്മാണത്തെ ഭീതിയോടെ കാണുന്നു.

ആദിവാസികൾക്കെന്നപോലെ വനം കയ്യേറ്റക്കാർക്കും കുടിയേറ്റക്കാർക്കും വനഭൂമിയിൽ അവകാശം നൽകുന്ന ഒന്നാണ് പാർലിമെന്റ് പാസാക്കിയിരിക്കുന്ന ബിൽ. 2005 ഡിസംബർവരെ കാടുകയ്യേറിയവർക്കെല്ലാം കാടുപതിച്ചു നൽകാനാണ് വ്യവസ്ഥ; പക്ഷെ ഇതൊരു പരിമിതിയല്ല. 2006ലും 2007ലുമെന്നല്ല, വനഭൂമി പങ്കിടുന്ന പ്രക്രിയപൂർത്തിയാക്കുന്ന ആ ദിവസംവരെ കാട്ടിൽകയറിപ്പറ്റിയവർക്കെല്ലാം അവകാശം സ്ഥാപിച്ചെടുക്കാൻ മാർഗ്ഗമുണ്ട്.

കാടിനും നാടിന്നും ഒരുപോലെ ദോഷം വരുത്തിത്തീർക്കുന്ന ഈ ബില്ലിലെ ഓരോ വ്യവസ്ഥയും വിമർശനവിധേയമാണെങ്കിലും കൗതുക ജനകമായ ചില കാര്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഓരോ കുടുംബത്തിന്നും പത്തേക്കർ വനഭൂമി നൽകാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അഛനും അമ്മയും മക്കളുമടങ്ങിയതാണ് ഒരു കുടുംബം. രണ്ടോ മൂന്നോ തലമുറ പിന്നിടുമ്പോഴേക്കും കുടുംബാംഗങ്ങളുടെ എണ്ണം പെരുകുകയും ഈ പത്തേക്കർ ഒരേക്കറായോ അരയേക്കറായോ വിഭജിക്കപ്പെടുകയും ചെയ്യും. തീർച്ചയായും അതുകൊണ്ട്

ആർക്കും ജീവിക്കാനാവില്ല. പിന്നെ ആ ഭൂമി എന്തുചെയ്യും? വനഭൂമി കൈമാറാൻ അനുവദിക്കുകയില്ലെന്നതിനാൽ അത് കയ്യൊഴിക്കുക അസാധ്യമാകും; അഥവാ വനഭൂമി വിൽക്കാനും അവകാശം നൽകുന്ന പക്ഷം അഞ്ചുകൊല്ലംകൊണ്ട് വനഭൂമിയെല്ലാം മിടുക്കൻമാർ തട്ടിയെടുക്കും. ഈ കേരളത്തിൽ അട്ടപ്പാടിയിൽ ആദിവാസികളുടെ ഭൂമി എങ്ങനെ കൂടിയേറ്റക്കാർ തട്ടിയെടുത്തുവെന്ന് നമുക്കറിയാം. ഒരു കുപ്പി കള്ളിനുവേണ്ടിയോ ഒരു കെട്ട് പുകയിലക്കുവേണ്ടിയോ സ്വന്തം ഭൂമി മുഴുവൻ എഴുതിക്കൊടുത്ത ആദിവാസികൾ അട്ടപ്പാടിയിലുണ്ടെന്ന് സർക്കാരിന്റെ അന്വേഷണറിപ്പോർട്ടിൽ തന്നെ പറയുന്നു.

പതിച്ചുകിട്ടിയ വനഭൂമി വിൽക്കാനോ കൈമാറാനോ പാടില്ലെന്ന് വ്യവസ്ഥചെയ്തതുകൊണ്ടും കാര്യമില്ല. നല്ല ഭൂമിയിൽ കൃഷി നടത്തുന്നതുതന്നെ നഷ്ടക്കച്ചവടമാണെന്നിരിക്കെ വെള്ളം കണികാണാൻ പോലും കിട്ടാത്ത വനഭൂമിയിൽ ആരെന്തുകൃഷി നടത്താനാണ്? ഇക്കാര്യമറിയാൻ ജ്യോത്സ്യരെക്കൊണ്ട് പ്രശ്നം വയ്പിക്കേണ്ടകാര്യമൊന്നുമില്ല; ഇവിടെ ഈ കേരളത്തിൽ എന്തുസംഭവിച്ചു എന്നു നോക്കിയാൻ മതി? വലിയ കൊട്ടും കുരവയും ആർപ്പുവിളിയുമായി ഗവർമ്മേണ്ട് പതിച്ചുനൽകിയ വനഭൂമികൾക്ക് എന്തു സംഭവിച്ചുവെന്നൊരു പഠനം നടത്തിയാൽ പാർലിമെന്റ് പാസാക്കിയ ബില്ലിന്റെ അനന്തര ഗതിയെന്താകുമെന്ന് മനസ്സിലാക്കാം. കേരളത്തിൽ ആദിവാസികൾക്കുമാത്രമല്ല കയ്യേറ്റക്കാർക്കും ഭൂമി നൽകിയിട്ടുണ്ട്. ഇങ്ങനെ ലഭിച്ച ഭൂമിയിൽ കൃഷി നടത്തുന്നതിന്നു പകരം പലരും അത് പണക്കാർക്ക് നിസ്സാരതുകക്ക് കൈമാറിയിരിക്കുകയാണ്.

ഈ ഭൂദാനബില്ലിന്ന് കൗതുകകരമായ മറ്റൊരു വശം കൂടിയുണ്ട്. വനഭൂമി കയ്യിൽ കിട്ടിയവർ അതു വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലെന്നതിനർത്ഥം, വനവാസികളെ നാം ആജീവനാന്ത തടവുശിക്ഷക്കുവിധിക്കുന്നുവെന്നാണ്. നാട്ടിലിറങ്ങി വല്ല പണിയുമെടുത്തു ജീവിക്കാൻ "വനവാസി"ക്ക് കഴിയില്ല; "നാലക്ഷരം" പഠിച്ച് വല്ല ഉദ്യോഗവും സമ്പാദിക്കാനും പറ്റില്ല. അങ്ങനെ വേണമെങ്കിൽ വനഭൂമി ഉപേക്ഷിച്ചുപോരേണ്ടിവരും.

സംരക്ഷിക്കാനാകാത്ത സ്വത്ത് സമ്പാദിക്കരുത് എന്നൊരുചൊല്ലുണ്ട്. അതുപോലെതന്നെ ക്രയവിക്രയം ചെയ്യാനാകാത്ത സ്ഥാവരസ്വത്ത് കഴുത്തിൽ കെട്ടിയ അമ്മിക്കല്ലാണെന്നും പറയും. നാട്ടിൻ പുറങ്ങളിൽ ഇത്തരത്തിലുള്ള പടുകൂറ്റൻ തറവാടുകൾ ഇന്നും കാണാം. വിൽക്കാനോ ഉപയോഗിക്കാനോ വയ്യാതെ, ഭാർഗ്ഗവീനിലയം പോലെ അനാഥമായികിടക്കുന്ന തറവാടുകൾക്ക് ഉടമകളുണ്ടെങ്കിലും അവർക്കത് പ്രയോജനപ്പെടുകയില്ല. ഇതുതന്നെയാണ് വനവാസികൾക്ക് നാളെ വന്നുചേരാൻ പോകുന്നതും. കാട്ടിൽ ജീവിക്കാൻ കൊതിക്കുന്നത് മൃഗങ്ങൾ മാത്രമാണ്. കാട്ടിൽനിന്ന് നാട്ടിലേക്കുള്ള പ്രയാണത്തിന്റെ ചരിത്രമാണ് മാനവ ചരിത്രം. ആദിവാസി കാട്ടിൽ കഴിയുന്നത് കാടിനോടുള്ള പ്രേമം കൊണ്ടല്ല; ഗതികേടുകൊണ്ടാണ്. നാലക്ഷരം പഠിച്ച് നാട്ടിലിറങ്ങി മറ്റുള്ളവരെപ്പോലെ ജീവിതം ആസ്വദിക്കാനാഗ്രഹിക്കാത്ത ഒരൊറ്റ ആദിവാസിയെപ്പോലും കാണാനാവില്ല. ആ ആദിവാസിയുടെ തലയിലാണ് വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്ത കുറച്ച് ഭൂമി കെട്ടിയേൽപ്പിച്ച് നാം സംതൃപ്തരാകുന്നത്.

ഇതുമാത്രമല്ല, വിനാശകരമായ ഒട്ടേറെ വ്യവസ്ഥകൾ പാർലിമെന്റ് പാസാക്കിയ വനാവകാശബില്ലിലുണ്ട്. വനത്തിന്നും വനവാസിക്കും ഈ നിയമം ദേഷകരമാകും. ഈ നിയമം നടപ്പാക്കിക്കഴിയുമ്പോൾ വനം ബാക്കിയില്ലാതാകും. വനഭൂമിക്കുള്ള അവകാശം കുറെ പണക്കാർക്കായിത്തീരുകയും ചെയ്യും - ചുരുക്കത്തിൽ അട്ടപ്പാടി ആവർത്തിക്കപ്പെടും. ❑

# വനവാസിക്കും നവവാസിക്കും കാടിൻമേൽ അവകാശം

**- അശീഷ് കോത്താരി -**

**വ**നങ്ങളിൽ താമസിക്കുന്നവർക്ക് വനഭൂമിയിൽ അവകാശം നൽകുന്ന ബിൽ പാർലിമെന്റ് പാസാക്കിക്കഴിഞ്ഞു. പക്ഷെ ഇത് വനം സംരക്ഷണത്തെ സഹായിക്കുമോ ഇല്ലയോ എന്ന കാര്യം ഇനിയും വ്യക്തമല്ല.



ആസാമിന്റെ തലസ്ഥാനമായ ഗുവാഹതി നഗരത്തിന്ന് തൊട്ടടുത്ത് റിസർവ്വ് വനത്തിൽ അടുത്ത കാലത്ത് നടന്ന വനം കയ്യേറ്റത്തിന്റെ ഒരു ദൃശ്യം.

വളരെ വളരെ വൈകിയ ഒരു നിയമ നിർമ്മാണമാണിത്. വനവാസികൾക്ക് വന വിഭവങ്ങളിലുള്ള അവകാശം സ്ഥാപിക്കുന്ന ഒരു നിയമം ആവശ്യമായിരുന്നു. വനത്തിന്നു പുറത്തുള്ള കർഷകർക്ക് അവരുടെ ഭൂമിയിൽ അവകാശമുണ്ട്. ബില്ലിനെ എതിർക്കുന്ന പരിസ്ഥിതി പ്രവർത്തകർ ഉൾപ്പെടെയുള്ള നഗരവാസികൾക്കും അവകാശങ്ങളുണ്ട്. അപ്പോൾ വനവാസികൾക്ക് അവർ ജീവിക്കുന്ന ഭൂമിയിൽ അവകാശമുണ്ടാകാതിരിക്കാൻ കാരണമൊന്നുമില്ല.

പക്ഷെ ശരിയായൊരു പരിരക്ഷണ സംവിധാനത്തിന്റെ അഭാവത്തിൽ ഇത്തരം അവകാശങ്ങൾ ഹ്രസ്വായുസ്സുകളായി ഭവിക്കുമെന്നതും വ്യക്തമാണ്. അതിനാൽ വനത്തിന്ന് അവകാശം നൽകുന്ന ഏതു നിയമനിർമ്മാണത്തിലും വനം സംരക്ഷണത്തിന്നും ജൈവവൈവിധ്യ സംരക്ഷണത്തിന്നും വ്യവസ്ഥയുണ്ടാകേണ്ടതുണ്ട്.

വനത്തിൽ അവകാശം നൽകുന്ന ഇത്തരമൊരു നിയമം ഉണ്ടാക്കുന്ന പരിരക്ഷണ ആഘാതത്തിന്നിരയാകുന്ന വനങ്ങളെ മൂന്നായി തരം തിരിക്കാം. (1) വന്യജീവി സംരക്ഷണത്തിന്നായി നീക്കിവച്ചിട്ടുള്ള വനങ്ങൾ - അതായത് നാഷണൽ പാർക്കുകൾ, സംരക്ഷണ കേന്ദ്രങ്ങൾ എന്നിവ. (2) സർക്കാർ വനങ്ങൾ - അതായത് റിസർവ്വ് വനങ്ങൾ സംരക്ഷിത വനങ്ങൾ എന്നിവ (3) സാമൂഹ്യവനങ്ങൾ - ഇവയിൽ ആദ്യത്തെ രണ്ടെണ്ണമാണ് പ്രധാനം.

ആദിവാസികളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നവരും വന്യജീവി സംരക്ഷകരും തമ്മിൽ നടന്ന ഏറ്റവും കടുത്ത യുദ്ധം സംരക്ഷിതവനങ്ങളെ സംബന്ധിച്ചായിരുന്നു. അതിവേഗം ക്ഷയിക്കുന്ന ഇന്ത്യയുടെ വന്യജീവി സമ്പത്തിന്റെ രക്ഷക്ക് ഏറ്റവും പ്രധാനം സംരക്ഷിതമേഖലയുടെ

സംരക്ഷണമാണെന്നതിൽ സംശയമില്ല. സംരക്ഷിതവനങ്ങളില്ലെങ്കിൽ പല ജീവജാലങ്ങളും കുറ്റിയറ്റുപോകും. ഇന്ത്യൻ കണ്ടാമൃഗം, ഏഷ്യാറ്റിക് സിംഹം, എന്നിവയുടെ കഥ ഉദാഹരണം.

പക്ഷെ ഇന്ത്യയിലെ സംരക്ഷിതവനങ്ങളിൽ മിക്കതിലും ആദിവാസികൾ ജീവിക്കുന്നുണ്ടെന്നതും ഒരു സത്യമാണ്. ഇവ സംരക്ഷിതവനങ്ങളായി പ്രഖ്യാപിക്കപ്പെടുന്നതിന്നുമുമ്പുതന്നെ വനത്തിൽ താമസമാക്കിയവരാണ് മിക്കവരും. ഇത്തരം വനവാസികളെ വനം പരിരക്ഷണത്തിൽ പങ്കാളികളാക്കണമെന്ന് പരിസ്ഥിതി പ്രവർത്തകർ രണ്ടു ദശകമായി വാദിച്ചുവരികയായിരുന്നു. നിർഭാഗ്യവശാൽ പ്രബലരായ ചില പരിസ്ഥിതി പ്രവർത്തകർ ഇതിന്നെതിരാണ്. മാത്രമല്ല, സുപ്രീംകോടതിയുടെ എംപവേർഡ് കമ്മിറ്റിയും കേന്ദ്ര വനം - പരിസ്ഥിതിമന്ത്രികാര്യാലയവും എതിരാണ്. ഒരു കോടതിവിധിയുടെ മറവിൽ സംരക്ഷിതവനങ്ങളിൽ അവകാശങ്ങൾ നൽകുന്നത് ഇവർ തടയുന്നു. കാട്ടിൽ ജീവിക്കുന്ന നാല്പതുലക്ഷത്തോളം പേർ ദയനീയാവസ്ഥയിലായി എന്നതാണിതിന്റെ ഫലം.

ഈ സ്ഥിതിവിശേഷത്തിൽ ഗണ്യമായ മാറ്റമുണ്ടാക്കുന്ന ഒന്നാണ് പാർലിമെന്റ് പാസാക്കിയ ബിൽ. സംരക്ഷിതവനങ്ങളിലെ സുപ്രധാന വന്യജീവി സങ്കേതങ്ങൾ ഏതെന്ന് ശാസ്ത്രീയമായി നിർണ്ണയിക്കണമെന്നും വനവാസികളുടെ പ്രവർത്തനം ഹാനികരമാണെന്ന് ബോധ്യം വന്നാൽ അവരെ മാറ്റി പാർപ്പിക്കാമെന്നും, പക്ഷെ അതവരുടെ സമ്മതത്തോടെയാകണമെന്നും ബില്ലിൽ പറയുന്നു. വനവാസികളെ അവരുടെ സമ്മതത്തോടെമാത്രമേ മാറ്റി പാർപ്പിക്കാവു എന്ന കാര്യത്തിൽ പരിസ്ഥിതി പ്രവർത്തകരും യോജിക്കുന്നുണ്ടെന്നതിനാൽ തർക്കത്തിന്ന് കാരണമില്ല.

വന്യജീവി സങ്കേതമാണെന്നതിനാൽ, ഒരു മേഖലയിൽനിന്ന് വനവാസികളെ മാറ്റി പാർപ്പിച്ചാൽ പിന്നെ ആ പ്രദേശം മറ്റൊരാവശ്യത്തിനും ഉപയോഗിക്കരുതെന്ന വ്യവസ്ഥ പരിസ്ഥിതി പ്രവർത്തകരെയെല്ലാം സന്തോഷിപ്പിക്കും. അണക്കെട്ടു നിർമ്മിക്കാനോ ഖനനം നടത്താനോ റോഡുണ്ടാക്കോനോ ടൂറിസ്റ്റ്കേന്ദ്രങ്ങൾ നിർമ്മിക്കാനോ ഇത്തരം പ്രദേശങ്ങൾ ഉപയോഗിക്കാൻ പാടില്ല.

വനവാസികളെ മാറ്റി താമസിപ്പിക്കാമെന്നു പറയുന്ന ബില്ലിൽതന്നെ വനവാസികളുടെ വികസനാവകാശത്തെപ്പറ്റിയും പറയുന്നു. കാട്ടിലെ ഗ്രാമങ്ങളിൽ സ്കൂൾ, ഹെൽത്ത് സെന്റർ, കമ്പി തപാൽ സൗകര്യങ്ങൾ, റോഡുകൾ ശുദ്ധജലവിതരണം തുടങ്ങിയവയെല്ലാം ഉണ്ടാക്കണം. കാട്ടിന്നകത്തെ ഗ്രാമങ്ങളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഗവർമ്മേണ്ട് ഇത്രകാലവും വിസമ്മതിച്ചുവരികയായിരുന്നു. ഇത്തരം സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തിയാൽ പിന്നെ ആരെങ്കിലും കാടുവിട്ടുപോകാൻ തയ്യാറാകുമോ?

കാട്ടിൽ വികസനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പാരിസ്ഥിതികമായ ഹാനിക്കും കാരണമായേക്കും. ഈയൊരു വ്യവസ്ഥയെ കാട്ടിൽ നാലുവരിപാതനിർമ്മിക്കാനും ടാറിട്ട റോഡ് നിർമ്മിക്കാനും വൻകിട മരാമത്തുപണികൾ നടത്താനുമുള്ള അനുവാദമായി സംസ്ഥാനഗവർമ്മേണ്ടുകൾ വ്യാഖ്യാനിച്ചുവെന്നുവരാം. പല പഞ്ചായത്തുകളിലുമുള്ള നിക്ഷിപ്ത താല്പര്യക്കാർകൂടി ഇതിൽ ഉൾപ്പെടുമ്പോൾ, സംരക്ഷിത വനങ്ങൾക്കുള്ള ഏറ്റവും വലിയ ആപത്ത് ഇതാകും. കരടുബില്ലിലുണ്ടായിരുന്ന ഖനനാവകാശം പുതിയ ബില്ലിൽ വിട്ടുകളഞ്ഞിട്ടുണ്ട് എന്നതാണ് ആശ്വാസകരമായ ഒരു കാര്യം.

വനം പരിരക്ഷണം ബലികഴിക്കാതെ തന്നെ വനവാസികൾക്ക് അടിസ്ഥാന പരമായ വികസന സൗകര്യങ്ങൾ ഉണ്ടാക്കുകയാണ് വേണ്ടത്. എല്ലാ റോഡ് നിർമ്മാണവും ചീത്തയല്ല; മരാമത്തുപണികൾ വിനാശകരമാകണമെന്നുമില്ല. സൂക്ഷിച്ചില്ലെങ്കിൽ മേൽഘട്ടിന്റെ അനുഭവമുണ്ടാകും. അവിടെ ആദിവാസികൾക്കിടയിലെപോഷകരാഹിത്യം പരിഹരിക്കാനെന്ന പേരിൽ റോഡുകളുടെ വലിയൊരു ശൃഖംല തന്നെ നിർമ്മിച്ചുകൂട്ടിയിരിക്കുന്നതുകാണാം.

വനാവകാശബിൽ പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ മിക്കവരും സംരക്ഷിതവനങ്ങൾക്ക് പുറത്തുള്ള കാടുകളിൽ ജീവിക്കുന്നവരാണ്. റിസർവ്വ് വനങ്ങളിൽ ജീവിക്കുന്നവർക്ക് സാധാരണയായി രേഖയൊന്നും നൽകാറില്ല. ഒറീസ, ഛത്തീസ്ഗഢ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ വനവാസികൾ കൈവശം വച്ചുവരുന്ന ലക്ഷക്കണക്കിന് ഹെക്ടറിന്ന് ഒരു രേഖയുമില്ല. ഗവർമ്മേണ്ട് ഇതൊക്കെവനഭൂമിയായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ വളരെയധികം വനഭൂമി കൈയ്യേറി കൈവശപ്പെടുത്തിയിട്ടുണ്ട്. പരമദരിദ്രരായ പാവങ്ങളും പ്രബലരായ നിക്ഷിപ്ത താല്പര്യക്കാരും ഈ കയ്യേറ്റക്കാരിൽപെടും.

പുതിയബിൽ പ്രകാരം കയ്യേറ്റ ഭൂമിയിലും അവകാശം നൽകും. ആദിവാസികൾക്കുമാത്രമല്ല, 75 കൊല്ലമായി കാട്ടിൽ താമസിച്ചുവരുന്ന ആർക്കും വനഭൂമിയിൽ അവകാശമുണ്ട്. ഈ വ്യവസ്ഥമൂലം കാടാകെ നശിക്കുമെന്നാണ് പരിസ്ഥിതി വാദികൾ പറയുന്നത്. വെറും അതിശയോക്തിയാണത്. സർക്കാർ കണക്കുപ്രകാരം വനഭുമിയിൽ രണ്ടു ശതമാനം മാത്രമെ കയ്യേറ്റത്തിന്നു വിധേയമായിട്ടുള്ളൂ. ഇത് ശരിയല്ലെങ്കിൽ പരമാവധി അഞ്ചുശതമാനം കയ്യേറിയിട്ടുണ്ടാകാം. ഇതിൽ ചെറിയൊരുഭാഗം മാത്രമേ നിയമപ്രകാരം അവകാശപ്പെടാൻ കഴിയൂ. സംസ്ഥാനഗവർമ്മേണ്ടുകൾ നിയമം ദുരുപയോഗപ്പെടുത്തുകയും വൻകിട ഭൂമി കയ്യേറ്റക്കാർ നടത്തിയ ഭൂമികയ്യേറ്റങ്ങളും ഈയിടെ കാട്ടിൽ കയറിപ്പറ്റിയവരുടെ അധീനത്തിലുള്ള ഭൂമിയുമെല്ലാം പതിച്ചുകൊടുത്തുവെന്നു വരാം. ഈയിടെ ആസാമിൽ സംഭവിച്ചത് അതാണല്ലൊ.

2005 ഡിസംബർ 13 വരെയുള്ള വനം കയ്യേറ്റം അനുവദിക്കുമെന്ന വ്യവസ്ഥ അസ്വീകാര്യമാണ്. വന ഭൂമികയ്യേറാൻ രാഷ്ട്രീയ കക്ഷികൾ ജനങ്ങളെ പ്രേരിപ്പിച്ചുവരുന്നതായി റിപ്പോർട്ടുണ്ട്. പുതിയ നിയമമനുസരിച്ച് വനം കയ്യേറ്റം സാധുവാക്കിത്തരാമെന്ന് അവർ ഉറപ്പ് നൽകുന്നുണ്ടത്രെ. വനവാസികൾക്ക് വികസന സൗകര്യങ്ങളുണ്ടാക്കണമെന്ന വ്യവസ്ഥ ഉൾക്കാടുകൾക്കും ബാധകമാക്കിയാൽ, അത് വലിയ ദോഷം ചെയ്യും.

ഈ ബില്ലിലെ വ്യവസ്ഥകൾക്കപ്പുറത്തുള്ള കാര്യങ്ങളിൽ, നിലവിലുള്ള നിയമങ്ങൾ സാധുവായിരിക്കുമെന്ന് ബില്ലിൽ പറയുന്നുണ്ട്. ഇതിന്റെ അർത്ഥം വ്യക്തമല്ല. നിലവിലുള്ള വന്യജീവിനിയമം, വനം നിയമം എന്നിവയെല്ലാം ഇനിയും സാധുവായിരിക്കും എന്നതാകാം ഇതിന്നർത്ഥം. ഇവിടെ പല വ്യാഖ്യാനങ്ങൾക്കും സാധ്യതയുണ്ട്.

അവസാനമായി ഒരു കാര്യം പറയട്ടെ. പരിസ്ഥിതിവാദികളും വനാവകാശവാദികളും കൈകോർത്തു മുന്നോട്ടുപോകാത്തപക്ഷം പ്രബലരായ കമ്പനിക്കാരും വാണിജ്യതാല്പര്യക്കാരും കൂടി പരിസ്ഥിതി വാദികളേയും വനാവകാശവാദികളേയും തോല്പിക്കും.

❑

# വനാവകാശനിയമം:
# നേട്ടം കയ്യേറിയവർക്കു മാത്രം

**- കെ. വെങ്കടേശ്വർ -**

**പാ**ർലിമെന്റ് പാസാക്കിയ പുതിയ വനാവകാശ നിയമം ആദിവാസികൾക്കല്ല, ആദിവാസികളുടെ ഭൂമി കയ്യേറിയിരിക്കുന്ന വനവാസികൾക്കാണ് ഗുണം ചെയ്യുകയെന്ന് ആന്ധ്രയിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനാപ്രവർത്തകർ പറയുന്നു.

ആദിവാസികളുടെ ഭൂമി കയ്യേറുന്നത് കുറ്റകരമാണ്. എന്നാൽ ആന്ധ്രയിൽ ആദിവാസികളുടെ ഭൂമി വ്യാപകമായി ത്തന്നെ കൈമാറിയിട്ടുണ്ട്. ആദിലാബാദ് ജില്ലയിലെ ചന്ദൂരി വില്ലേജിൽ ഇന്ദിരാമ്മ പദ്ധതി പ്രകാരം ആദിവാസികൾക്ക് 154 വീട് അനുവദിക്കുകയുണ്ടായി. എന്നാൽ ഇതിൽ നൂറോളം വീടുകൾ ആദിവാസികളല്ലാത്തവരാണ് കൈവശപ്പെടുത്തിയിരിക്കുന്നത്. ആദിവാസികളിൽനിന്ന് ഒന്നര സെന്റ് ഭൂമി വാങ്ങും 1959 ലെ ആദിവാസി ഭൂനിയമം വരുന്നതിന്നുമുമ്പ് തങ്ങൾ കാട്ടിൽ താമസമാക്കിയവരാണെന്നു പറഞ്ഞാണ് ഇവർ വീടിനുള്ള സഹായം കൈപ്പറ്റുന്നത്. മറ്റൊരു ഗ്രാമത്തിലെ 1000 വീടുകളിൽ 800 വീടും വനം കയ്യേറ്റക്കാരാണ് കയ്യടക്കിയിരിക്കുന്നത്.

ആദിവാസികൾക്ക് വനത്തിൽ അവകാശം നൽകുന്ന പുതിയ നിയമത്തിൻറ ഗതിയും മറ്റൊന്നാവില്ലെന്ന് സന്നദ്ധ സംഘടനകൾ പറയുന്നു. പുതിയ നിയമത്തിൽ ആദിവാസികൾക്കു പുറമെ "വനവാസി"കൾക്കും വനത്തിൽ അവകാശം നൽകുന്നുണ്ട്. ആദിവാസികളിൽ പുരോഗമിച്ചവരും പ്രാകൃതരുമുണ്ട്. ഇവർ തമ്മിൽ ശണ്ഠയുണ്ടാകും. അതുപോലെ ആദിവാസികളും വനം കയ്യേറ്റക്കാരും തമ്മിലും വഴക്കാവും. പാർലിമെന്റ് പാസാക്കിയ വനാവകാശ നിയമം ചരിത്രപരമായ അനീതിക്ക് അറുതിവരുത്തുന്നതിന്നു പകരം പ്രാകൃതവിഭാഗങ്ങളെ ദയനീയാവസ്ഥയിലാക്കും. ആദിവാസികളുടെ ഭൂമി കയ്യടക്കി വച്ചിരിക്കുന്നവർക്ക് പുതിയ നിയമത്തിലെ "വനവാസി" വ്യവസ്ഥ സംരക്ഷണം നൽകുമെന്ന് സമത എന്ന സന്നദ്ധ സംഘടനയുടെ പ്രവർത്തകനായ രവി പറയുന്നു. [ആദിവാസികളുടെ ഭൂമി ഖനനത്തിന്നായി നൽകിയ ഗവർമ്മേണ്ട് നടപടിക്കെതിരെ സുപ്രീം കോടതിയിൽ പന്ത്രണ്ടുകൊല്ലം നീണ്ടുനിന്ന കേസ് നടത്തി ആദിവാസികളുടെ ഭൂമി വീണ്ടെടുത്തുകൊടുത്ത സംഘടനയാണ് സമത] പോലാവരം ജലസേചന-വൈദ്യുതോല്പാദന പദ്ധതി നടപ്പാക്കുമ്പോൾ രണ്ടുലക്ഷം ആദിവാസികൾ പുറത്താക്കപ്പെടും. ബോക്സൈറ്റ് ഖനന പദ്ധതി ആയിരക്കണക്കിന് ആദിവാസികളെ നിരാധാരരാക്കും. ഗവർമ്മേണ്ട് എല്ലാ നിയമങ്ങളേയും ലംഘിക്കും. ആദിവാസികൾക്ക് വനഭൂമിയിൽ അവകാശമുണ്ട്. പക്ഷ ഭൂമി മാത്രം ഉണ്ടാകില്ല.

ആദിവാസികളെ സംരക്ഷിക്കയായിരുന്നു ഗവർമ്മേണ്ടിന്റെ ലക്ഷ്യമെങ്കിൽ 1980 ലെ വനം സംരക്ഷണനിയമം ഭേദഗതിചെയ്താൽ മതിയായിരുന്നുവെന്ന് "ശക്തി"എന്ന സന്നദ്ധ സംഘടനയിലെ ശിവരാമകൃഷ്ണൻ ചൂണ്ടിക്കാട്ടുന്നു. ആദിവാസികൾക്ക് വനഭൂമിയിൽ അവകാശം നൽകിയതുകൊണ്ടുമാത്രം കാര്യമൊന്നുമില്ല; വനഭൂമിയിൽ കൃഷി നടത്താനുള്ള അറിവുണ്ടാകണം.

വന്യജീവികളെ സംബന്ധിച്ചിടത്തോളം പുതിയ നിയമം വിനാശകര ⇨

# വനാവകാശനിയമം: അടിയും തടയും

പാർലിമെന്റിന്റെ കഴിഞ്ഞ സമ്മേള നത്തിന്റെ സമാപന ഘട്ടത്തിൽ തിരക്കു പിടിച്ചു പാസാക്കിയ ഒരു നിയമമാണ് വനാവകാശനിയമം. ആദിവാസികൾക്ക് വനഭൂമിയിലും വനവിഭവങ്ങളിലും അവ കാശം നൽകാനായി ഗവർമ്മേണ്ട് തയ്യാ റാക്കിയ ഒരു ബിൽ, പലതരത്തിലുള്ള കൂട്ടലും കിഴിക്കലും നടത്തിയ ശേഷ മാണ് പാർലിമെന്റ് പാസാക്കിയത്. അത്ഭുതമെന്നു പറയട്ടെ, തങ്ങൾ പാസാക്കിയ നിയമം എന്താണെന്ന് എം.പി.മാർക്ക് അറിയില്ല. എല്ലാവരും തങ്ങൾ ജയിച്ചതായി അവകാശപ്പെടു ന്നുണ്ടെങ്കിലും ആർക്കും അതിലൊരു വിശ്വാസവുമില്ല.

ഗവർമ്മേണ്ടു തയ്യാറാക്കിയ കരടുബിൽ ഒരു സംയുക്ത പാർലി മെന്ററി കമ്മിറ്റി സൂക്ഷ്മമായി പരിശോ ധിക്കുകയും ബില്ലിൽ സുപ്രധാനമായ പല ഭേദഗതികളും എഴുതിച്ചേർക്കു കയും ചെയ്തു. അങ്ങനെ ഗവർമ്മേ ണ്ടിന്റെ കയ്യിൽ വന്നുചേർന്ന പരിഷ്ക രിച്ച ബില്ലിൽ ഗവർമ്മേണ്ട് സ്വന്തമായ ചില പൂളുകൾ അടിച്ചുകയറ്റി. സംയുക്ത പാർലിമെന്ററി കമ്മിറ്റിയുടെ ഭേദഗതികളെ ഫലത്തിൽ നിഷ്ഫലമാ ക്കുന്നതാണ് ഗവർമ്മേണ്ട് അടിച്ചുകയ റ്റിയ പൂളുകൾ. ബിൽ നിയമമായി നട പ്പാക്കിയാലും തർക്കം അവശേഷിക്കു മെന്നർത്ഥം.

വിപ്ലവകരമെന്നു വിശേഷിപ്പിക്കപ്പെ ടുന്ന പുതിയ നിയമം നിലവിലുള്ള നിയ മവുമായി എങ്ങനെ പൊരുത്തപ്പെട്ടു പോകുമെന്നും വ്യക്തമല്ല. നിലവി ലുള്ള നിയമങ്ങളെ അധ:കരിക്കുന്ന ഒന്നല്ല പുതിയനിയമമെന്നും നിലവി ലുള്ള നിയമങ്ങൾക്ക് പുറമെയുള്ള താണ് ഈ നിയമമെന്നും ബില്ലിൽ എടുത്തു പറഞ്ഞിട്ടുണ്ട്. അങ്ങനെയാ ണെങ്കിൽ നിലവിലുള്ള വന്യജീവി നിയ മം, 1980 ലെ പ്രസിദ്ധമായ വനം നിയമം എന്നിവയിലെ വ്യവസ്ഥകളെ മറികട ക്കാൻ പുതിയ നിയമത്തിന്നാവില്ല.

വനത്തിൽ അവകാശം നൽകുന്നതി ന്നുള്ള തിയ്യതി സംബന്ധിച്ചുവരുത്തിയ മാറ്റമാണ് പാർലിമെന്ററി കമ്മിറ്റി വരു ത്തിയ പ്രധാനമാറ്റം. 1980 ഒക്ടോബർ 25ന്ന് വനത്തിൽ താമസിക്കുന്ന ⇨

മാണെന്ന് വന്യജീവി സംരക്ഷണ പ്രവർത്തകർ മാത്രമല്ല വനം ഉദ്യോഗസ്ഥൻമാരും പറയുന്നു. വന്യജീവി സങ്കേതങ്ങളുടേയും നാഷണൽ പാർക്കുകളുടേയും പ്രത്യേ കിച്ചും കടുവാസംരക്ഷണ കേന്ദ്രങ്ങളുടേയും മരണമണിയാണ് ഈ നിയമം മുഴ ക്കുന്നത്. ഉള്ള കാടെല്ലാം ആദിവാസികൾക്ക് പതിച്ചു നൽകുകയും വനം കയ്യേ റ്റക്കാർക്കെല്ലാം വനഭുമി നൽകുകയും ചെയ്തുകഴിഞ്ഞാൽ, വന്യജീവികൾക്ക് പിന്നെ ഭൂമിയൊന്നും ബാക്കിയുണ്ടാവില്ല. വനത്തിന്റെ വലിയൊരു ഭാഗവും നശി ക്കും.

പാർലിമെന്റ് പാസാക്കിയ രൂപത്തിലുള്ള നിയമം ആദിവാസികൾക്കോ വന്യ ജീവികൾക്കോ ഗുണം ചെയ്യില്ല. മറ്റു വനവാസികൾക്കുകൂടി വനം നൽകുന്ന തോടെ, ആർക്കും കൊള്ളയടിക്കാവുന്ന ഒന്നായിത്തിരും കാട്. 1980 ലെ വനം സംരക്ഷണനിയമം 1972ലെ വന്യജീവി സംരക്ഷണനിയമം, ഭൂപ്രദേശത്തിന്റെ മുന്നി ലൊന്ന് കാടായിരിക്കണമെന്ന് വ്യവസ്ഥചെയ്യുന്ന 1988 ലെ ദേശീയ വനം നയം എന്നിവയെല്ലാം പുതിയ നിയമത്തോടെ നിരർത്ഥകമായിത്തീരുന്നു. ❑

വർക്കെല്ലാം വനഭൂമിയിൽ അവകാശം നൽകാമെന്നതായിരുന്നു കരടുബില്ലിലെ വ്യവസ്ഥ. ഇടതുപക്ഷ എം.പി.മാരുടെ നിർബന്ധഫലമായി അത് 2005 ഡിസംബർ 13 എന്നാക്കി മാറ്റി. ഇതിന്നർത്ഥം കാട്ടിലുള്ള ആർക്കും വനഭൂമിയിൽ അവകാശം കിട്ടുമെന്നതാണ്. 2005 ഡിസംബറിലാണോ കാടുകയ്യേറിയത്, 2007 ജനുവരിയിലാണോ കാടുകയ്യേറിയത് എന്ന് തിരിച്ചറിയാൻ മാർഗ്ഗമൊന്നുമില്ലല്ലോ.

ആദിവാസികളല്ലാത്തവർക്കും വനഭൂമിയിൽ അവകാശം നൽകുന്നതാണ് പാർലിമെന്ററി കമ്മിറ്റി കൊണ്ടുവന്ന മറ്റൊരു ഭേദഗതി. ആദിവാസികളല്ലാത്ത പല നാടോടികളും കാട്ടിൽ താമസിക്കുന്നുണ്ടെന്ന ന്യായത്തിന്മേലാണ് ഈയൊരു വ്യവസ്ഥ എഴുതിച്ചേർത്തത്. ഈ ഭേദഗതിപ്രകാരം മൂന്നുതലമുറക്കാലം കാട്ടിൽ ജീവിച്ച ആർക്കും വനഭൂമി കിട്ടും. ഗവർമ്മേണ്ട് ഈ ഭേദഗതി സ്വീകരിച്ചുവെങ്കിലും അതിന്നൊരു വ്യാഖ്യാനം കൂടി നൽകിയിട്ടുണ്ട്. ഒരു തലമുറക്കാലം എന്നത് 25 കൊല്ലമാണെന്ന് ഗവർമ്മേണ്ട് പറയുന്നു. അതായത് 75 കൊല്ലമെങ്കിലും കാട്ടിൽ താമസിച്ചിരിക്കണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ 1930 ൽ തങ്ങൾ കാട്ടിൽ താമസമുണ്ടായിരുന്നുവെന്ന് സ്ഥാപിക്കണം. ഇതെങ്ങനെ സ്ഥാപിക്കും?

നാഷണൽ പാർക്കുകളിൽ ഭൂമി നൽകാൻ ഗവർമ്മേണ്ട് തയ്യാറല്ലായിരുന്നു. എന്നാൽ പാർലിമെന്ററി കമ്മിറ്റി അതിന്നും ഒരു ഭേദഗതി കൊണ്ടുവന്നു. വന്യജീവി മേഖലകളിൽനിന്ന് ആളുകളെ മാറ്റി സ്ഥാപിക്കുന്നത് "ഉഭയകക്ഷിസമ്മത"പ്രകാരമേ പാടുള്ളൂ എന്നു കമ്മിറ്റി വ്യവസ്ഥ ചെയ്തു. എന്നാൽ അവസാനം പാർലിമെന്റിൽ അവതരിപ്പിച്ച ബില്ലിൽനിന്ന് ഗവർമ്മേണ്ട് ഈ ഭാഗം നീക്കം ചെയ്തു. നാഷണൽ പാർക്കുകളിൽനിന്ന് ആളുകളെ മാറ്റി പാർപ്പിക്കാൻ ഗവർമ്മേണ്ടിന്ന് സ്വാതന്ത്ര്യമുണ്ടാകുമെന്നർത്ഥം.

വനഭൂമി വനേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ ഗ്രാമസഭയുടെ അനുമതിവാങ്ങിയിരിക്കണമെന്ന ഒരു വ്യവസ്ഥ പാർലിമെന്ററി കമ്മിറ്റി എഴുതിച്ചേർത്തതും ബില്ലിന്റെ അവസാന രൂപത്തിൽനിന്ന് സർക്കാർ വെട്ടിക്കളഞ്ഞു. അതുപോലെ വനവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾക്ക് ഒരു മിനിമം വില നിശ്ചയിക്കണമെന്ന വ്യവസ്ഥയും സർക്കാർ നീക്കം ചെയ്തിട്ടുണ്ട്.

"വനവാസികൾ" എന്നതിന്ന് വനത്തിൽ താമസിക്കുന്നവർ എന്ന സർക്കാർ വ്യാഖ്യാനവും ഇടതുപക്ഷക്കാരെ അസ്വസ്ഥമാക്കുന്നുണ്ട്. സർക്കാർ കണക്കുപ്രകാരം ഇന്ത്യൻ വനങ്ങളിൽ മുവ്വായിരത്തോളം ഗ്രാമങ്ങളാണുള്ളത്. ഈ ഗ്രാമങ്ങളിലല്ലാതെ പുറത്തുജീവിക്കുന്നരെയെല്ലാം കയ്യേറ്റക്കാരായി കണക്കാക്കുമെന്നർത്ഥം. ഗ്രാമസഭ എന്ന വാക്കിന്റെ നിർവ്വചനത്തിലും സർക്കാർ മാറ്റം വരുത്തിയിട്ടുണ്ട്. ഒരു ആദിവാസി ഗ്രാമത്തിലെ സഭ എന്നതാണ് ഗ്രാമസഭ എന്നതിന്റെ വിവക്ഷ. എന്നാൽ സർക്കാർ റവന്യൂ ഗ്രാമത്തിന്റെ അടിസ്ഥാനത്തിലുള്ള സഭയാണ് ഗ്രാമസഭയാക്കുന്നത്. അപ്പോൾ ആദിവാസികളല്ലാത്തവർക്ക് ഗ്രാമസഭയിൽ ഭൂരിപക്ഷമുണ്ടായെന്നുവരും.

ഏതായാലും ബിൽ പാർലിമെന്റ് പാസാക്കിക്കഴിഞ്ഞിട്ടേയുള്ളൂ. നിയമം നടപ്പാക്കണമെങ്കിൽ ചട്ടങ്ങൾക്ക് രൂപം നൽകണം. ഇടതുപക്ഷത്തിന്റെ പരാതികൾക്കെല്ലാം ചട്ടത്തിന്ന് രൂപം നൽകുമ്പോൾ പരിഹാരമുണ്ടാക്കാമെന്നാണ് ഗവർമ്മേണ്ട് ഉറപ്പുനൽകിയിരിക്കുന്നത്. അതിനാൽ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുമ്പോഴേ വനാവകാശബിൽ സംബന്ധിച്ച വ്യക്തമായൊരു ചിത്രം ലഭിക്കൂ. ❑

കവർസ്റ്റോറി

# മാധ്യമങ്ങൾ കണ്ണടച്ച് ഇരുട്ടാക്കിയപ്പോൾ

- രാജശേഖർ വുന്ദ്ര -

ഇക്കൊല്ലം ദസറ ഒക്ടോബർ 2ന്നായിരുന്നു; ഡോ.ബി.ആർ അംബേദ്കർ ധർമ്മദീക്ഷ സ്വീകരിച്ച് ബുദ്ധമതത്തിൽ ചേർന്നതിന്റെ സുവർണ്ണജൂബിലിയും അന്നായിരുന്നു. ഇന്ത്യയിലെങ്ങും ദളിതുകൾ അത് വിസ്തരിച്ചുതന്നെ ആഘോഷിച്ചു.

1956 ലെ ദസറാദിനത്തിൽ നാഗപ്പൂരിൽ വച്ച് പതിനഞ്ചുലക്ഷം ദളിതുകൾ അംബേദ്കറോടൊപ്പം ബുദ്ധമതത്തിൽ ചേർന്നിരുന്നു. ഇതിന്റെ സുവർണ്ണജൂബിലിയോടടുത്തപ്പോൾ നാടിന്റെ നാനാ ഭാഗത്തുനിന്നും ദളിതുകൾ നാഗപ്പൂരിലേക്ക് ഒഴുകാൻ തുടങ്ങി. അംബേദ്കറുടെ മതപരിവർത്തനത്തിന്റെ സ്മാരകമായി നിർമ്മിച്ചിട്ടുള്ള ദീക്ഷാഭൂമിയിൽ ഏതാണ്ട് ഇരുപതു ലക്ഷത്തോളം ദളിതുകൾ സമ്മേളിച്ചുവെന്നാണ് കണക്കാക്കപ്പെടുന്നത്.

ദസറാദിനത്തിലെ ധർമ്മദീക്ഷാ ജൂബിലിയാഘോഷങ്ങൾക്ക് ഒരാഴ്ച മുമ്പു തന്നെ ദീക്ഷാ ഭൂമിയിൽ പലവിധപരിപാടികൾ ആരംഭിച്ചിരുന്നു. രണ്ടുദിവസം നീണ്ടുനിന്ന ലോകബൗദ്ധ കൺവെൻഷനായിരുന്നു ഒരു പരിപാടി. അംബേദ്കർ ഇന്റർ നാഷണൽ മിഷൻ എന്ന അന്താരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിലാണ് ഈ കൺവെൻഷൻ നടത്തിയത്. 22 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള ഭിക്ഷുകൾക്കു പുറമെ പാശ്ചാത്യ പണ്ഡിതൻമാരും ഇതിൽ പങ്കെടുക്കുകയുണ്ടായി.

നാഗപ്പൂരിൽ ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുമ്പോഴും ഇന്ത്യയിലെ എലക്ട്രോണിക് മാധ്യമങ്ങളിൽ ഒരു ദൃശ്യം പോലും കണ്ടില്ല; ഒരു കഷ്ണം വാർത്ത പോലും വന്നില്ല. അവിടെ എത്തിയ ഒരേയൊരു ക്യാമറാമാൻ ഒരു പ്രാദേശിക സിറ്റി കേബിൾ നെറ്റ് വർക്കിന്റെ ആളായിരുന്നു.

എന്തുകൊണ്ടാണ് ഇന്ത്യൻ എലക്ട്രോണിക് മാധ്യമങ്ങൾ ഈ ജൂബിലിയോഘോഷത്തെ അവഗണിച്ചത്? എന്തുകൊണ്ടാണതിനെ ഒരു പ്രാദേശിക കേബിൾ നെറ്റ് വർക്കിൽ ഒതുക്കിയത്? ഇന്ത്യയുടെ ഒത്ത നടുക്കുള്ള നഗരവും മഹാരാഷ്ട്രത്തിന്റെ രണ്ടാം തലസ്ഥാനവുമായ നാഗപ്പൂരിൽ നടന്ന സുവർണ്ണ ജൂബിലിയാഘോഷങ്ങളുടെനേരെ ഇന്ത്യയിലെ മാധ്യമങ്ങൾ കണ്ണടക്കുകയാണുണ്ടായത്. ഈ ആഘോഷം മുംബായിൽ ആയിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നോ? മൂംബായിലും ഡൽഹിയിലും കൽക്കത്തായിലും മഴപെയ്യുന്നതുപോലും നമ്മുടെ മാധ്യമങ്ങൾക്ക് വാർത്തയാണല്ലൊ.

ദീക്ഷാഭൂമിയിൽ നടന്ന "ധർമ്മദീക്ഷാ സുവർണ്ണ മഹോത്സവ"ത്തിൽ ലക്ഷക്കണക്കിനു ദളിതുകൾ പങ്കെടുത്തു. ദീക്ഷാഭൂമിയിൽ, അതിന്റെ സ്മാരകമായി ഒരു സ്തൂപം നിർമ്മിച്ചിട്ടുണ്ട്. അംബേദ്കറുടെ ചിതാഭസ്മമടങ്ങിയ പേടകം ഈ സ്തൂപത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആ ചിതാ ഭസ്മത്തിന്ന് അഭിവാദ്യമർപ്പിക്കാനാണ് ലക്ഷോപലക്ഷം ദളിതുകൾ നാഗപ്പൂരിൽ സന്നിഹിതരായത്. ദസറക്ക് രണ്ടുദിവസം മുമ്പുതന്നെ ദളിതുകൾ എത്തിച്ചേർന്നിരുന്നതിനാൽ നാഗ

പ്പൂർ നഗരം ഒരു മനുഷ്യ മഹാസമുദ്രമായി രൂപാന്തരപ്പെട്ടു.

അംബേദ്കർക്ക് ആദരാഞ്ജലികളർപ്പിക്കാൻ ലക്ഷക്കണക്കിന്നു ദളിതുകൾ മുംബായിൽ എത്തിച്ചേരുമ്പോൾ, അതിനെ ഗതാഗത സ്തംഭനമുണ്ടാക്കുന്ന ഒരു പ്രശ്നമായോ ബീച്ചിൽ വൃത്തികേടുണ്ടാക്കുന്ന ഒരു ശല്യമായോ പത്രങ്ങളും ടെലിവിഷനും കാണുന്നു. അത് അവയുടെ ദളിതവിരുദ്ധ മനോഭാവത്തെ, പക്ഷ പാതത്തെയല്ലാതെ മറ്റൊന്നുമല്ല വ്യക്തമാക്കുന്നത്.

അംബേദ്കർ ബുദ്ധമതം സ്വീകരിച്ചത് 1956 ൽ മാത്രമായിരുന്നുവെങ്കിലും അതിന്ന് ഇരുപതുകൊല്ലം മുമ്പുതന്നെ അദ്ദേഹം ഒരു തീരുമാനമെടുത്തു കഴി ഞ്ഞിരുന്നു. 1935 ൽ യോലാ സമ്മേളനത്തിൽ അംബേദ്കർ നടത്തിയ പ്രഖ്യാ പനം പ്രസിദ്ധമാണ്. "ഞാൻ നിർഭാഗ്യവശാൽ ജനിച്ചത് ഒരു ഹിന്ദു അയിത്ത ക്കാരന്റെ മകനായിട്ടാണ്. അത് തടയുക എന്നത് എന്റെ കഴിവിന് അതീതമായ കാര്യമായിരുന്നു. എന്നാൽ, നാണംകെട്ട അപമാനകരമായ സാഹചര്യത്തിൽ ജീവി ക്കാൻ വിസമ്മതിക്കുക എന്നത് എന്റെ കഴിവിൽപെട്ട കാര്യമാണ്. ഹിന്ദുവായി ട്ടാണ് ജനിച്ചതെങ്കിലും ഞാനൊരു ഹിന്ദുവായി മരിക്കില്ലെന്ന് ഞാൻ നിങ്ങൾക്കു റപ്പുനൽകുന്നു."

അങ്ങനെ 1956 ലെ ദസറ നാളിൽ നാഗപ്പൂരിൽവച്ച് അദ്ദേഹം ബുദ്ധമതം സ്വീകരിച്ചു. (അക്കൊല്ലം ദസറ ഒക്ടോബർ 14 ന്നായിരുന്നു.) രണ്ടുദിവസത്തി ന്നുശേഷം ഒക്ടോബർ 16 ന്ന് അദ്ദേഹം ദളിതുകളായ നാലുലക്ഷം പേർക്ക് ചന്ദ്രപ്പൂരിൽ വച്ച് ദീക്ഷ നൽകി. (നാഗപ്പൂരിൽനിന്ന് 140 കിലോമീറ്റർ തെക്കാണ് ചന്ദ്രപ്പൂർ) ഇക്കൊല്ലം ചന്ദ്രപ്പൂരിലും ധർമ്മദീക്ഷാ സുവർണ്ണജൂബിലിയാഘോ ഷിക്കുകയുണ്ടായി. അവിടെ ആറുലക്ഷം ദളിതുകൾ എത്തിയിരുന്നു. നാഗപ്പൂ രിലെ ആഘോഷങ്ങൾപോലെത്തന്നെ ചന്ദ്രപ്പൂരിലെ ആഘോഷങ്ങളും നമ്മുടെ മാധ്യമങ്ങൾ റിപ്പോർട്ടുചെയ്യുകയുണ്ടായില്ല.

ധർമ്മദീക്ഷാജൂബിലിയാഘോഷങ്ങൾ മുംബായിൽ വച്ചു നടത്തിയിരുന്നുവെ ങ്കിൽ, നമ്മുടെ മാധ്യമങ്ങൾ റിപ്പോർട്ടുചെയ്യുമായിരുന്നുവോ? അതിന്നും സാധ്യ തയില്ല. ദാദാറിൽ അംബേദ്കറുടെ ശവസംസ്കാരം നടന്ന സ്ഥലമായ "ചൈതന്യ"ഭൂമിയിൽ കൊല്ലംതോറും ഡിസംബർ ആറിന്ന് ലക്ഷക്കണക്കിന് ദളി തുകൾ ഉപചാരമർപ്പിക്കാൻ എത്തിച്ചേരാറുണ്ട്. ഡിസംബർ ആദ്യവാരത്തിൽ ദളിതുകളെക്കൊണ്ട് നിറഞ്ഞ മുംബായ് റോഡുകളിൽ ഗതാഗതസ്തംഭനമുണ്ടാ കാറുണ്ട്. എന്നാൽ ഒരു കൊല്ലവും മാധ്യമങ്ങൾ ചരമവർഷികാചരണം റിപ്പോർട്ട് ചെയ്യാറില്ല.

വിവിധ ടെലിവിഷൻ ചാനലുകൾ വാർത്തകൾക്കുവേണ്ടി കിടമത്സരം നടത്തി ക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, നാഗപ്പൂരിലെ ജൂബിലിയാഘോഷം അവർക്കൊരു വാർത്തയായി തോന്നിയില്ല. ഇതിൽനിന്ന് ഒരാൾക്കെന്താണ് അനുമാനിക്കാൻ കഴിയുക? ജാതിചിന്തയല്ലെങ്കിൽപിന്നെ അജ്ഞതയായിരിക്കണം ഇതിന്റെ പിന്നിൽ.

ഇക്കൊല്ലം ഒക്ടോബർ രണ്ടാം തിയ്യതി ദസറകൂടിയായിരുന്നു. ഇതു സംബ ന്ധിച്ച് കൽകത്തയിലും ദൽഹിയിലുമെല്ലാം ഉയർത്തിയ പൂജാപന്തലുകളിലെ ചടങ്ങുകൾ സംപ്രേഷണം ചെയ്യാൻ ചാനലുകൾ തമ്മിൽ മത്സരമായിരുന്നു. ദസ റക്കാലത്ത് പത്തുദിവസവും അതത് ദിവസത്തെ ആഘോഷത്തിന്റെ പ്രാധാന്യ ത്തെപ്പറ്റി ചാനലുകൾ സവിസ്തരം പ്രതിപാദിച്ചുകൊണ്ടിരുന്നു. എന്നാൽ നാഗ ⇨

# ബുഷിന്റെ 'വനാവകാശ' നിയമം കോടതി റദ്ദാക്കി

**- സുനീത ദുബേ -**

ക്ലിന്റന്റെ ഭരണകാലത്ത് തയ്യാറാക്കിയതും ബുഷ് പ്രസിഡണ്ടായപ്പോൾ തടഞ്ഞിട്ടതുമായ "റോഡ് രഹിത വനം സംരക്ഷണ നിയമം" സാധുവാണെന്ന് വടക്കൻ കാലിഫോർണിയയിലെ ഫെഡറൽ ജില്ലാകോടതി വിധിച്ചു. അമേരിക്കയിലെ രണ്ടുകോടി ഹെക്ടർ വരുന്ന അചുംബിത വനങ്ങളെ റോഡ് നിർമ്മാണം, തടിവെട്ടൽ, വികസനപദ്ധതികൾ എന്നിവയിൽനിന്നും സംരക്ഷിക്കുന്ന ഒരു വിധിയാണിത്. റോഡ് രഹിത നിയമം പുനസ്ഥാപിതമാക്കിയതിന്നുപുറമെ, കാട്ടിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികളുടെ കാര്യം പരിശോധിക്കാനും കോടതി തീരുമാനിച്ചിട്ടുണ്ട്.

ദേശീയവനങ്ങളുടെ സംരക്ഷണഭാരമുള്ള വനംവകുപ്പ് 2005 ൽ "സംസ്ഥാനനിയമം" കൊണ്ടുവന്നപ്പോൾ അതിന്റെ പാരിസ്ഥിതിക ആഘാതം പിരശോധിച്ചില്ലെന്ന് വിധിയിൽ കുറ്റപ്പെടുത്തുന്നു. റോഡ് രഹിത വനങ്ങളിൽ സ്വന്തം വികസന പദ്ധതികൾ നിർദ്ദേശിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്ന ഒന്നാണ് "സംസ്ഥാനനിയമം". റോഡ് രഹിത വനം സംരക്ഷണനിയമത്തിന്നു പകരം "സംസ്ഥാനനിയമം" നടപ്പാക്കിയ ബുഷിന്റെ ഗവർമ്മേണ്ട് നിയമലംഘനമാണ് നടത്തിയതെന്നും കോടതി വിധിച്ചിട്ടുണ്ട്. സുപ്രധാനമായ രണ്ടു പരിസ്ഥിതി നിയമങ്ങളെയാണ് ബുഷിന്റെ ഗവർമ്മേണ്ട് ധിക്കരിച്ചിരിക്കുന്നത്- ദേശിയ പരിസ്ഥിതി സംരക്ഷണ നിയമത്തേയും വംശനാശവർഗ്ഗ നിയമത്തേയും.

വനത്തെ ബാധിക്കുന്ന നിയമം കൊണ്ടുവരുമ്പോൾ പാരിസ്ഥിതികാഘാതപഠനം നടത്തണമെന്ന് നിയമത്തിലുണ്ട്. ആ പഠനത്തിന്റെ റിപ്പോർട്ടിൻമേൽ പൊതുജനാഭിപ്രായം ആരായേണ്ടതുണ്ട്. അതിന്നും പുറമെ വംശനാശഭീഷണി നേരിടുന്ന ജീവികളെ ഇതെങ്ങനെ ബാധിക്കുമെന്നും പഠിക്കണം. ഇതൊന്നുംകൂടാതെയാണ് ബുഷ് ⇨

---

പ്പൂരിലെ ജൂബിലിയാഘോഷത്തെപ്പറ്റി പരാമർശമേ ഉണ്ടായില്ല. അജ്ഞതയാണിതിന്നുകാരണമെന്ന് പറഞ്ഞ് ഒഴിയാനൊന്നും പറ്റില്ല. ഇത്തരം വിവേചനങ്ങൾ വഴിപിഴപ്പിക്കുന്നതാണെന്നുമാത്രമല്ല, ആപൽക്കരവുമാണ്.

ഒക്ടോബർ രണ്ടാംതിയ്യതി ഗാന്ധിജയന്തികൂടിയാണല്ലൊ. ഇന്ത്യയിൽ എത്രപേർ രാഷ്ട്രപിതാവിന്റെ ജന്മദിനം സ്വമേധയാ ആഘോഷിച്ചിട്ടുണ്ടാകും? എന്നാൽ അംബേദ്കർക്ക് ആദരാഞ്ജലികളർപ്പിക്കാൻ മുംബായിലും നാഗപ്പൂരിലും ചന്ദ്രപ്പൂരിലും ലക്ഷക്കണക്കിന്ന് ദളിതുകളാണ് തിങ്ങിക്കൂടുന്നത്; ഇക്കൊല്ലമെന്നല്ല എല്ലാകൊല്ലവും. ബുദ്ധന്റേയും അംബേദ്കറുടേയും മഹത്വത്തിലേക്കൊന്നു തിരിഞ്ഞുനോക്കാനും, ഈ ആഘോഷങ്ങളിലേക്ക് നമ്മുടെ ടെലിവിഷൻകാരുടെ ക്യാമറാകണ്ണൊന്നു തുറപ്പിക്കാനും എന്താണ് വേണ്ടിവരിക?

(രാജശേഖർ ഒരു ഐ.എ.എസ്സ്. ഉദ്യോഗസ്ഥനാണെങ്കിലും ഈ ലേഖനത്തിലെ പരാമർശങ്ങൾ വ്യക്തിപരമായ നിലക്കുള്ളതാണ്.) ❑

ഗവർമ്മേണ്ട് 2005ൽ "സംസ്ഥാനനിയമം" കൊണ്ടുവന്നത്.

റോഡ് രഹിത വനസംരക്ഷണനിയമത്തെ റദ്ദാക്കിയിട്ടില്ലെന്ന് വനം വകുപ്പ് വാദിക്കുന്നു. കാരണം "റോഡ് രഹിത വനംസംരക്ഷണ നിയമം"നടപ്പാക്കുകയേ ചെയ്തിട്ടില്ലെന്ന് അവർ കോടതിയിൽ ചൂണ്ടിക്കാട്ടി. നടപ്പാക്കാത്ത നിയമം റദ്ദാക്കേണ്ട കാര്യമില്ലെന്ന് അവർ വാദിച്ചു. "സംസ്ഥാനനിയമം" എന്നത് ഒരു നിയമമല്ലെന്നും, റോഡില്ലാത്ത വനങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സമർപ്പിക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെടുക മാത്രമാണ് ചെയ്തിരിക്കുന്നതെന്നും, അതിനാൽ പാരിസ്ഥിതികാഘാത പഠനത്തിന്റെ പ്രശ്നമേ ഇല്ലെന്നും വനം വകുപ്പ് വാദിച്ചു.

കോടതി ഈ വാദം പാടെ നിരാകരിച്ചു. 2005 ലെ "സംസ്ഥാനനിയമം" പുതിയ നിയമമാണെന്നും, പാരിസ്ഥിതികാഘാതപഠനം, പൊതുജനാഭിപ്രായമറിയൽ തുടങ്ങിയ പ്രക്രിയകളെല്ലാം ഇതിന്നും വേണമെന്നും കോടതിയുടെ വിധിയിൽ പറയുന്നു. സാമൂഹ്യവും പാരിസ്ഥിതികവുമായ മൂല്യ സംരക്ഷണത്തിന്ന് കാട്ടിൽ റോഡ് നിർമ്മിക്കാതെ സൂക്ഷിക്കേണ്ടതുണ്ടെന്ന് വനം വകുപ്പു തന്നെ 2001 ൽ പറഞ്ഞിരുന്നതാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

അമേരിക്കയിലെ കാടുകളിൽ റോഡുകൾ നിർമ്മിക്കുന്നത് തടയാൻ ക്ലിന്റൻ പ്രസിഡണ്ടായിരുന്ന കാലത്ത്, 1999- ലാണ് തീരുമാനിച്ചിരുന്നത്. മുന്നുകൊല്ലം നീണ്ടുനിന്ന പഠനത്തിന്നുശേഷമാണ് വനം വകുപ്പ് റോഡ് രഹിത പദ്ധതിക്ക് രൂപം നൽകിയത്. രാജ്യത്തിന്റ നാനാ ഭാഗങ്ങളിലായി 600 കേന്ദ്രങ്ങളിൽ പരസ്യമായ തെളിവെടുപ്പു നടത്തി. പതിനാറുലക്ഷം പേർ വ്യക്തിപരമായ നിലയിൽ വനം വകുപ്പിനെ അഭിപ്രായമറിയിച്ചു. ഇതെല്ലാം കഴിഞ്ഞ് 2001 ൽ റോഡ് രഹിത വനം സംരക്ഷണ നിയമം നടപ്പാക്കാൻ നിശ്ചയിച്ച അവസരത്തിലാണ് അമേരിക്കയിൽ പ്രസിഡണ്ട് തിരഞ്ഞെടുപ്പു നടന്നത്. ബുഷ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, നടപ്പാക്കിക്കഴിഞ്ഞിട്ടില്ലാത്ത എല്ലാ നിയമങ്ങൾക്കും മൊറോട്ടോറിയം പ്രഖ്യാപിച്ചു. അങ്ങനെ റോഡ് രഹിത വനം നിയമത്തെ കൊന്നു. മൊറൊട്ടോറിയത്തിന്റെ കാലാവധി വന്നപ്പോൾ, റോഡ് രഹിത വനം നിയമം നടപ്പാക്കുന്നത് രണ്ടുമാസത്തേക്കുകൂടി നീട്ടിവച്ചു. ഇതിന്നിടയിൽ ചിലർ കോടതിയിലെത്തി.

ബുഷ് അധികാരമേറ്റപ്പോൾ വനം വകുപ്പിലെ അണ്ടർ സെക്രട്ടറിയായി നിയമിച്ചത് ഒരു പഴയ തടിക്കച്ചവടക്കാരനെയാണ്. റോഡ് രഹിത വനം നിയമത്തിന്നെതിരായ കേസ് കോടതിയിൽ നടന്നുകൊണ്ടിരിക്കുന്നതിന്നിടയിലാണ് ബുഷ് 2005 ലെ "സംസ്ഥാനനിയമം" കൊണ്ടുവന്നത്. പാരിസ്ഥിതികാഘാതപഠനം, പരസ്യമായ തെളിവെടുപ്പ് തുടങ്ങിയ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് ബുഷ് ഈ "സംസ്ഥാനനിയമം" നടപ്പാക്കിയത്. ഇതിന്നെതിരെ കാലിഫോർണിയയിൽ സീറാക്ലബ്, ഗ്രീൻപീസ് തുടങ്ങിയ സംഘടനകൾ കോടതിയെ സമീപിച്ചു. പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പൊതുതാല്പര്യ ഹർജികളിൽ വാദം നടത്തുന്ന വക്കീൽമാരുടെ സംഘടനയായ എർത്ത് ജസ്റ്റീസിലെ അഭിഭാഷകർ കോടതിയിൽ ഹാജരായി വാദം നടത്തി.

അത്ഭുതം അതല്ല. ക്ലിന്റന്റെ ഭരണ ⇨

# ആവശ്യപ്പെട്ട സ്ഥലത്തെല്ലാം അങ്കണവാടി

**- റിച്ചാർഡ് മഹാപത്ര -**

സാമൂഹ്യസേവനങ്ങൾക്ക് ഉറപ്പു നൽകുന്ന പ്രവണത വികസിച്ചുവരികയാണ്. തൊഴിലുറപ്പു പദ്ധതി, വിദ്യാഭ്യാസത്തിന്ന് ഉറപ്പുനൽകുന്ന പദ്ധതി എന്നിവക്കുപുറമെ, ആവശ്യപ്പെട്ടേടത്തെല്ലാം അങ്കണവാടിക്കും ഉറപ്പായിരിക്കുന്നു. നിലവിലുള്ള ആറുലക്ഷം അങ്കണവാടിക്കുപുറമെ, അടുത്തരണ്ടുകൊല്ലംകൊണ്ട് എട്ടുലക്ഷം അങ്കണവാടികൾകൂടി ആരംഭിക്കണമെന്ന് ഡിസംബർ 13ന്ന് സുപ്രീംകോടതി കേന്ദ്രഗവർമ്മേണ്ടിന്നു കൽപന നൽകിയിട്ടുണ്ട്.

കേന്ദ്രഗവർമ്മേണ്ടിന്റെ സംയോജിത ശിശുവികസന പദ്ധതി നടപ്പാക്കുന്ന പ്രധാന ഏജൻസി അങ്കണവാടികളാണ്. കുട്ടികളുടേയും ഗർഭിണികളായ അമ്മമാരുടേയും ക്ഷേമകാര്യങ്ങൾ നോക്കുന്ന ഒരേയൊരു പദ്ധതിയാണിത്. ആറുവയസ്സിന്നു താഴെയുള്ള കുട്ടികളുടെ പോഷകാഹാരമുൾപ്പെടെയുള്ള ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് അങ്കണവാടികളാണ്. ഗ്രാമങ്ങളിൽ ഇവ നേഴ്സറി സ്കൂളുകളായും പ്രവർത്തിക്കുന്നു.

ഇന്ത്യയിലെ ജനങ്ങളിൽ 16 ശതമാനം ആറുവയസ്സിന്നു താഴെയുള്ള കുട്ടികളാണ്. ഇവരിൽ പകുതിയും പോഷകാഹാരക്കുറവുമൂലം മുരടിക്കുന്നവരാണ്. ഈ കുട്ടികളുടെ കാര്യം സംബന്ധിച്ച് സുപ്രീംകോടതി പല കല്പനകളും പുറപ്പെടുവിച്ചിരുന്നു.

ഗ്രാമീണരോ ചേരി നിവാസികളോ ആവശ്യപ്പെട്ടാൽ മൂന്നുമാസത്തിന്നകം ഒരു അങ്കണവാടി അനുവദിക്കണമെന്നതാണ് ഒരു കല്പന. ആറുവയസ്സിനു താഴെയുള്ള 40 കുട്ടികളെങ്കിലുമുള്ള ഓരോ പ്രദേശത്തും അങ്കണവാടി അനുവദിക്കണം. കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന്ന് ഇത് ഒഴിച്ചുകൂടാനാകാത്തതാണെന്ന് ജീൻ ഡ്രെസെ പറയുന്നു. [സംയോജിത ശിശുവികസന പദ്ധതി നടപ്പാക്കുന്നതിൽ വ്യാപകമായി അഴിമതി നടമാടുന്നതായി ജനങ്ങൾ പരാതിപ്പെട്ടതിനെത്തുടർന്ന്, അക്കാര്യം പരിശോധിക്കാനായി സുപ്രീം കോടതി നിയമിച്ച കമ്മീഷണറാണ് ജീൻ ഡ്രെസെ.]

സംയോജിത ശിശുവികസന ⇨

---

കാലത്ത് "റോഡ് രഹിത വനത്തിന്നു" വേണ്ടി ആവേശപൂർവ്വം പ്രവർത്തിച്ച വനം വകുപ്പ്, ബുഷിന്റെ ഭരണമായതോടെ കാലുമാറി. കോടതിയിൽ റോഡ് രഹിത വനത്തെ ന്യായീകരിക്കാൻപോലും അവർ കൂട്ടാക്കിയില്ല.

റോഡ് രഹിത വനം എന്ന ആശത്തിന്ന് വ്യാപകമായ ജനപിന്തുണയുണ്ട്. അതിന്നാൽ ജനപിന്തുണ അതിവേഗം ചോർന്ന്പോയിക്കൊണ്ടിരിക്കുന്ന പ്രസിഡണ്ട് ബുഷ്, കാലിഫോർണിയായിലെ വിധിക്കെതിരെ അപ്പീൽ സമർപ്പിക്കാനിടയില്ല. എന്നാൽ വനംകൊള്ളക്കാർ അപ്പീൽ സമർപ്പിച്ചുവെന്നുവരാം. ❑

പദ്ധതി കേന്ദ്രഗവർമ്മേണ്ട് ആവിഷ്ക രിച്ച ഒന്നാണെങ്കിലും അത് നടപ്പാക്കുന്നതിന്റെ ചുമതല സംസ്ഥാനഗവർമ്മേണ്ടുകൾക്കാണ്. എവിടെ യെല്ലാം അങ്കണവാടി സ്ഥാപിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരവും സംസ്ഥാനങ്ങൾക്കാണ്. പദ്ധതി നടപ്പാക്കുന്നതിൽ ക്രമക്കേടുള്ളതായി സുപ്രീംകോടതിയുടെ കമ്മീഷണർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഒമ്പതു സംസ്ഥാനങ്ങളെ കോടതി ശാസിക്കുകയുണ്ടായി. കോടതിയുട കല്പന നടപ്പാക്കാത്തതിന്ന് സമാധാനം ബോധിപ്പിക്കാൻ ഒമ്പതു സംസ്ഥാന ചീഫ് സെക്രട്ടറിമാരോടും കോടതിയൽ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെടുകയും ചെയ്തു.

ആറുവയസ്സിന്നു താഴെയുള്ള കുട്ടികളിൽ 25 ശതമാനം മാത്രമെ സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ വന്നിട്ടുള്ളൂ. അങ്കണവാടിയിലെ കുട്ടികൾക്കുള്ള ഭക്ഷ്യസാധനങ്ങൾ നൽകുന്ന ജോലി കരാറുകാരെ ഏൽപ്പിക്കരുതെന്ന് കോടതി 2004 ൽ തന്നെ കല്പിച്ചിരുന്നതാണ്. ധാന്യങ്ങൾ വാങ്ങുക, ഭക്ഷണം തയ്യാറാക്കുക എന്നീ ജോലികൾ നാട്ടുകാരുടെ കമ്മിറ്റിയോ സെൽഫ് ഹെൽപ്പ് ഗ്രൂപ്പോ ഏറ്റെടുത്തു നടത്തണം. പക്ഷെ മിക്ക സംസ്ഥാനങ്ങളും ഈ കല്പന നടപ്പാക്കിയില്ല.

അഴിമതി മാത്രമല്ല ഇതിലെ പ്രശ്നം. അനുവദിക്കുന്ന തുകയും അപര്യാപ്തമാണ്. 2006-07 ലേക്ക് 4,543 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കോടതി കല്പിച്ച പ്രകാരം കൂടുതൽ അങ്കണവാടികൾ സ്ഥാപിച്ചാൽ ചെലവ് 18,000 കോടി രൂപ വരും. കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതാണ് പ്രധാനമെങ്കിലും, പദ്ധതിയിൽ പോഷകാഹാരത്തിനുള്ള തുക വളരെ കുറവാണ്. തന്മൂലം കഴിഞ്ഞ ഡിസംബറിലെ കല്പനയിൽ ഓരോ കുട്ടിക്കും പോഷകാഹാരത്തിന്നു വേണ്ടി നീക്കിവക്കേണ്ടതുക നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഓരോ കുട്ടിക്കും പോഷകാഹാരത്തിന്ന് ദിവസമൊന്നുക്ക് രണ്ടുരൂപ അനുവദിക്കണം. ഈ തുക കേന്ദ്രവും സംസ്ഥാനവും പങ്കിട്ടെടുക്കണം. ഗർഭിണികളുടെ പോഷകാഹാരക്കുറവും അങ്കണവാടി മുഖേനയാണ് നികത്തുന്നതെന്നതിനാൽ ഓരോ ഗർഭിണിക്കും ദിവസമൊന്നിന് 2.30 രൂപയുടെ പോഷകാഹാരം നൽകേണ്ടതുണ്ട്.

സംയോജിത ശിശുവികസന പദ്ധതി നടപ്പാക്കിയ സംസ്ഥാനങ്ങളിൽ പോഷകാഹാരത്തിന്ന് അനുവദിച്ചുവരുന്ന തുക ഇപ്പോൾ നിസ്സാരമാണ്. പന്ത്രണ്ടു സംസ്ഥാനങ്ങളിലെ കണക്കു മാത്രമെ ഇതിന്നകം ലഭ്യമായിട്ടുള്ളൂ. അവയിൽ പകുതിയിലും കുട്ടിയൊന്നുക്ക് 50 പൈസയിലും താഴെയാണ് ചെലവാക്കിവരുന്നത്. പതിവുപോലെ ഏറ്റവും പിന്നണിയിൽ കിടക്കുന്നത് ബീഹാറാണ്- കുട്ടിയൊന്നുക്ക് 15 പൈസ. കുട്ടിയൊന്നുക്ക് ദിവസം 1.69ക. ചെലവാക്കുന്ന തമിഴ്നാടാണ് മുന്നണിയിൽ.

മിക്ക ഉത്തരരേന്ത്യൻ സംസ്ഥാനങ്ങളും പിന്നണിയിലാണ്. സമ്പന്ന സംസ്ഥാനമായ ഹരിയാന കുട്ടിയൊന്നുക്ക് 0.22ക. യാണ് ചെലവാക്കുന്നത്. ഹിമാചൽ പ്രദേശ് 0.48 രൂപയും യു. പി. 0.51 രൂപയും മധ്യപ്രദേശ് 0.49 രൂപയും ഝാർഘണ്ഡ് 0.42 ക.യും ചെലവാക്കുന്നു. ബംഗാൾ 0.98 രൂപയും നാഗാലാന്റ് 0.87 ക.യും ഒറീസ 0.87ക. യും ചെലവാക്കുന്നു. ❑

# തൊഴിൽ ഉറപ്പ് പദ്ധതി തൃണമൂലതലത്തിൽ

**- സന്ദീപ ദാസ് -**

ഓരോ വീട്ടുകാർക്കും കൊല്ലത്തിൽ നൂറുദിവസമെങ്കിലും തൊഴിലിന്ന് ഉറപ്പുനൽകുന്ന ഒന്നാണ് ദേശീയ തൊഴിലുറപ്പു പദ്ധതി. ഉല്പാദനക്ഷമമായ ആസ്തികൾ ഉണ്ടാക്കുന്നതുവഴി നാട്ടുകാർക്ക് ദീർഘകാല സുരക്ഷിതത്വം ഉണ്ടാക്കുക എന്നതാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. എന്നാൽ കാര്യങ്ങളുടെ പോക്ക് അങ്ങനെയൊന്നുമല്ല.

ഉത്തരപ്രദേശിലെ ഹർദോയി ജില്ലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന തൊഴിലുറപ്പു പദ്ധതിയുടെ സ്ഥിതി കണ്ടറിയാനായി രണ്ടു സന്നദ്ധ സംഘടനകളുടെ പ്രതിനിധികളടങ്ങിയ ഒരു സംഘം നവമ്പർ 27 മുതൽ ഡിസംബർ 1 വരെ അവിടെ പര്യടനം നടത്തുകയുണ്ടായി. ഇവരുടെ റിപ്പോർട്ടിന്റ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ അറിഞ്ഞ വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

തൊഴിലുറപ്പു പദ്ധതി സംബന്ധിച്ച നിയമത്തിലെ 5.1 വകുപ്പിൽ ഏതെല്ലാം തരം പണികളാണ് ഏറ്റെടുക്കേണ്ടതെന്ന് വ്യക്തമായി അനുശാസിക്കുന്നുണ്ട്. ജലസംരക്ഷണ പ്രവർത്തനങ്ങൾ, വനവൽക്കരണ പരിപാടികൾ, ജലസേചന കനാൽ നിർമ്മാണം, കളങ്ങൾ ചേറെടുത്തു വൃത്തിയാക്കൽ, പരമ്പരാഗത ജല സംഭരണികൾ നന്നാക്കൽ, ഗ്രാമീണ റോഡുകൾ എന്നിവക്കാകണം പ്രാമുഖ്യം.

ഉത്തരപ്രദേശിൽ 22 ജില്ലകൾ തൊഴിലുറപ്പു പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. അതിൽ ഒന്നു മാത്രമാണ് ഹർദോയ്. ഹർദോയ് ജില്ലയിൽ കൃഷി ചെയ്യാവുന്ന ഭൂമി 2,97,394 ഹെക്ടർ വരും. ഇതിൽ 39 ശതമാനവും ജലസേചന സൗകര്യമില്ലാത്തതാണ്. നെല്ലും ഗോതമ്പുമാണ് കൃഷി. ജലസേചന സൗകര്യമുള്ളവർ കരിമ്പുകൃഷി നടത്തുന്നുണ്ട്. കർഷകരിൽ മിക്കവരും പാവങ്ങളാണ്; മഴയെ ആശ്രയിച്ചാണിവർ കൃഷി നടത്തുന്നത്. വിളവ് മോശമാണ്. ഒരു ഉപജീവനമാർഗ്ഗം എന്ന നിലക്ക് കൃഷി ഉന്തി തള്ളി കൊണ്ടുപോകുന്നുവെന്നേയുള്ളൂ. പാവപ്പെട്ട കൃഷിക്കാർ കൊല്ലത്തിൽ ആറുമാസക്കാലം നഗരങ്ങളിൽപോയി പണിയെടുക്കുകയാണുചെയ്യുന്നത്. ജലസംരക്ഷണ പ്രവർത്തനം ഏറ്റെടുത്താൽ കൃഷിക്കാർക്ക് വലിയൊരനുഗ്രഹമാകുമെന്നുകരുതിയാണ് ഈ ജില്ലയെ തൊഴിലുറപ്പു പദ്ധതിയിൽ പെടുത്തിയത്.

എന്നാൽ സംഭവിച്ചത് അതല്ല. തൊഴിലുറപ്പു പദ്ധതിക്കായി അനുവദിച്ച പണത്തിലധികവും റോഡുണ്ടാക്കാനാണ് ചെലവാക്കിയത്. സന്ദില ബ്ലോക്കിലെ 52 ഗ്രാമ പഞ്ചായത്തുകളിലായി ഏറ്റെടുത്ത 85 മരാമത്തു പണികളിൽ മൂന്നണ്ണം വൃക്ഷം നടലായിരുന്നു; ബാക്കിയെല്ലാം റോഡു നിർമ്മാണമാണ്. ഒടുവിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ ഇടപെടുകയും മേലിൽ റോഡ് നിർമ്മാണം ഏറ്റെടുക്കരുതെന്നും ജലസംരക്ഷണ പദ്ധതികളോ വൃക്ഷം നടൽ പദ്ധതികളോ മാത്രമേ ഏറ്റെടുക്കാവൂ എന്നു ശാസിക്കുകയും ചെയ്തു.

സന്ദില ബ്ലോക്കിലെ കാര്യം മാത്രമല്ല ഇത്. ഹർദോയ് ജില്ലയിലെ മരാമത്തു പണികളിൽ 85 ശതമാനവും റോഡു

നിർമ്മാണമാണ്. ജലസംരക്ഷണപദ്ധതികൾ വെറും 12 ശതമാനമേയുള്ളൂ. ഹർദോയി ജില്ല ഒരു മാതൃകമാത്രമാണ്. യു.പി. യിലെ 22 ജില്ലകളിലും ഏറെക്കുറെ ഇതുതന്നെയാണ് സ്ഥിതി. സർക്കാർ കണക്കനുസരിച്ച് യു.പി.യിൽ തൊഴിലുറപ്പു പദ്ധതി പ്രകാരം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളിൽ 16 ശതമാനമേ ജല സംരക്ഷണവുമായി ബന്ധപ്പെട്ടവയായിട്ടുള്ളൂ.

തൊഴിലുറപ്പു പദ്ധതിക്കായി ഭൂമി അക്വയർ ചെയ്യുകയോ ദാനമായി വാങ്ങുകയോ പാടില്ലെന്ന് നിയമത്തിലെ 5.15 വകുപ്പ് അനുശാസിക്കുന്നു. എന്നാൽ ഇതും പലേടത്തും ലംഘിക്കപ്പെട്ടിട്ടുണ്ട്. പാദ്രി ഗ്രാമത്തിലെ ഒരു പാവം കൃഷിക്കാരനാണ് ഗോകുൽ പുനിയ. കഷ്ടിച്ച് ഒരു ഹെക്ടർ ഭൂമിയാണിദ്ദേഹത്തിനുള്ളത്. നൂറു ദിവസത്തെ പണി; ജലസേചന സൗകര്യം എന്നൊക്കെ കേട്ടപ്പോൾ അയാൾ ആവേശഭരിതനായി. പക്ഷേ ജലസേചന സൗകര്യം കിട്ടിയില്ലെന്നല്ല, ഗോകുലന്ന് തന്റെ ഭൂമിയിൽനിന്നൊരു ഭാഗം റോഡുണ്ടാക്കാൻ നൽകേണ്ടതായും വന്നു. 25 ദിവസത്തെ പണി കിട്ടി എന്നതുമാത്രമാണദ്ദേഹത്തിന്റെ നേട്ടം. ഗോകുലനുപുറമെ വേറെ 11 കർഷകർക്കും ഭൂമി നഷ്ടപ്പെട്ടിട്ടുണ്ട്. റോഡുണ്ടാക്കാൻവേണ്ടി മണ്ണെടുത്തതുമൂലം ആറുകൃഷിക്കാർക്ക് മേൽമണ്ണു നഷ്ടപ്പെട്ടു. അങ്ങനെ ഭൂമിയിലൊരുഭാഗം നിരുപയോഗമായിത്തീർന്നു.

ഇതിനെപ്പറ്റി ഗ്രാമപ്രധാനിയോട് ചോദിച്ചപ്പോൾ, ഗ്രാമസഭയുടെ അധീനത്തിൽ വേണ്ടത്ര ഭൂമിയില്ലാത്തതിനാൽ "ഞങ്ങൾ ഞങ്ങളുടെ ഭൂമിയിൽനിന്നൊരു കഷണം നൽകി" എന്നായിരുന്നു മറുപടി. "ഈ പദ്ധതി ഞങ്ങൾക്കൊരു ശാപമായിത്തീരുകയാണുണ്ടായത്. പ്രത്യേക്ച്ച് ഗുണമൊന്നും കിട്ടിയില്ലെന്നല്ല, ഞങ്ങൾക്കുണ്ടായിരുന്ന ഉപജീവനമാർഗ്ഗത്തിന്നുപോലും ഇത് വിനയായി" എന്ന് മറ്റൊരു കർഷകനായ സർദാർ കുന്തി പറഞ്ഞു.

സ്വകാര്യ ഭൂമി ഉപയോഗിച്ചുവെന്ന് പദ്രി പഞ്ചായത്തിന്റെ തലവനായ ശ്രീറാർ ഹുസ്സെയിൻ സമ്മതിച്ചു. ഗ്രാമത്തിൽ വേണ്ടത്ര പുറമ്പോക്കുഭൂമി ഇല്ലാത്തതിനാൽ സ്വകാര്യഭൂമി ഉപയോഗിക്കേണ്ടിവന്നു എന്നാണ് അദ്ദേഹവും പറഞ്ഞത്. സന്ദില ബ്ലാക്കിലും ഭരവൻ ബ്ലോക്കിലുമായി 107 ഗ്രാമങ്ങളിലാണ് തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്നത്. എല്ലായിടത്തും കഥ ഇതു തന്നെയാണ്.

തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്തിനാണെന്ന് നിയമത്തിലെ 2.2 വകുപ്പു പറയുന്നു. പദ്ധതി നടപ്പാക്കുന്നതിന്നു വേണ്ട പരിശീലനം നൽകണമെന്ന് 2.3 വകുപ്പിലും പറയുന്നു. പക്ഷെ ഇതൊരു തമാശയാണ്. തിലോയഖുർദ് ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ടാണ് സോഹൻ ലാൽ. ജലസംരക്ഷണവുമായി ബന്ധപ്പെട്ട പണികളാണ് ഏറ്റെടുക്കേണ്ടതെന്ന് നിയമത്തിൽ അനുശാസിച്ചിട്ടും പണമെല്ലാം റോഡുപണിക്കു ചെലവാക്കിയതെന്തുകൊണ്ടാണെന്ന് ചോദിച്ചപ്പോൾ, അതൊന്നും തങ്ങൾക്കറിയില്ലെന്നായിരുന്നു മറുപടി. പദ്ധതിയിലെ വ്യവസ്ഥകളൊന്നും തങ്ങൾക്കറിയില്ലെന്നും റോഡുപണി നടത്തരുതെന്ന് ആരും പറയുകയുണ്ടായില്ലെന്നും അദ്ദേഹം പറഞ്ഞു. അപ്പോൾ നിയമത്തിൽ പറയുന്ന "പരിശീലനം" അങ്ങനെയാണ്.

തൊഴിൽ കാർഡിന്റെ കോപ്പി പഞ്ചായത്തിൽ സൂക്ഷിക്കണമെന്നാണ് 4.3 വകുപ്പിൽ പറയുന്നത്. തൊഴിൽ കാർഡിൽ എത്ര ദിവസം പണിയെടുത്തുവെന്നും. എത്ര പണം കൂലിയായി നൽകിയെന്നും കൂലി നൽകാൻ ചുമതലപെട്ടവർ രേഖപ്പെടുത്തിയിരിക്കണമെന്നാണ് 4.8 വകുപ്പിൽ പറയുന്നത്. ⇨

# കോർട്ടലക്ഷ്യത്തെപ്പറ്റി ഒരു പുനരവലോകനം

- മാർക്കാണ്ഡേയ കാട്ജു -

**ജ**നങ്ങളാണ് പരമാധികാരികൾ എന്നതാണ് ഒരു ജനാധിപത്യത്തിലെ അടിസ്ഥാനതത്വം. അതായത് ജഡ്ജിമാർ, ജനപ്രതിനിധികൾ, മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ എന്നിവരെല്ലാം ജനസേവകരാണെന്നർത്ഥം. ജനങ്ങൾക്ക് പരമാധികാരം എന്ന ഈ ആശയം മനസ്സിലുറച്ചുകഴിഞ്ഞാൽ, യജമാനത്വം ഇന്ത്യയിലെ ജനങ്ങൾക്കാണെന്നും, കോടതിയടക്കമുള്ള എല്ലാ അധികാരികളും അവരുടെ സേവകരാണെന്നും ബോധ്യംവരും. സേവകർ ശരിയായ വിധത്തിൽ പ്രവർത്തിക്കുകയോ പെരുമാറുകയോ ചെയ്തില്ലെങ്കിൽ അവരെ വിമർശിക്കാൻ യജമാനന്ന് തീർച്ചയായും അവകാശമുണ്ട്. ഇതിൽനിന്നും ജഡ്ജിമാരെ വിമർശിക്കാനും ഒരു ജനാധിപത്യത്തിൽ ജനങ്ങൾക്കവകാശമുണ്ടെന്ന് സിദ്ധിക്കുന്നു. അപ്പോൾപിന്നെ ജഡ്ജിമാരെ വിമർശിക്കുന്നതിനെ തടയുന്ന കോർട്ടലക്ഷ്യനിയമത്തിന്നെന്താണ് പ്രസക്തി?

കോടതിക്ക് ശരിയായി പ്രവർത്തിക്കാൻ കഴിവുണ്ടാക്കുക എന്നതുമാത്രമാണ് ഒരു ജനാധിപത്യത്തിൽ കോർട്ടലക്ഷ്യ നിയമത്തിന്റെ ഉദ്ദേശം. കോടതി ശരിക്കു പ്രവർത്തിക്കാതിരുന്നാലോ തെറ്റുചെയ്താലോ വിമർശിക്കുന്നത് തടയാനുള്ളതല്ല കോർട്ടലക്ഷ്യ നിയമം.

ഭരണഘടനയിലെ അനുഛേദം 19(1) (എ) എല്ലാ പൗരന്മാർക്കും അഭിപ്രായം പറയാൻ സ്വാതന്ത്ര്യം നല്കുന്നുണ്ട്. എന്നാൽ 129, 215 എന്നീ അനുഛേദങ്ങൾ കോർട്ടലക്ഷ്യത്തിന്നെതിരെ നടപടിയെടുക്കാൻ കോടതിക്കധികാരം ⇨

---

തിലോയ ഖുർദ് ഗ്രാമത്തിലെ അർമാൻ ഖാന് കാർഡ് നൽകിയിട്ടുണ്ട്. പക്ഷെ അതിലൊന്നും രേഖപ്പെടുത്തിയിട്ടില്ല. എത്ര ദിവസം പണി നൽകിയെന്നോ എത്ര പണം കൂലി നൽകിയെന്നോ അതിൽ കാണാനില്ല. അതേ ഗ്രാമത്തിലെ മുന്നയെന്ന ആളുടെ കാർഡിലും ഒന്നും എഴുതിയിട്ടില്ല. എന്നാൽ 22 ദിവസം പണി കിട്ടിയെന്നും ദിവസമൊന്നുക്ക് 58 ക. വച്ച് കൂലി കിട്ടിയെന്നും രണ്ടുപേരും സമ്മതിക്കുകയുണ്ടായി. (ഉത്തര പ്രദേശ് ഗവർമ്മേണ്ട് നിശ്ചയിച്ചിരിക്കുന്ന മിനിമം കൂലി 58 ക. യാണ്.)

കാർഡുകളിൽ ഒന്നും രേഖപ്പെടുത്താത്തതിനെപ്പറ്റി ചോദിച്ചപ്പോൾ പഞ്ചായത്ത് പ്രസിഡണ്ട് സോഹൻ ലാൽ പറഞ്ഞത് "ജനങ്ങൾക്ക് എന്നെ വിശ്വാസമാണ്" എന്നായിരുന്നു. മാത്രമല്ല, പല ഗ്രാമീണരും അവരുടെ കാർഡ് സൂക്ഷിക്കാൻ തന്റെ കയ്യിൽ തന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഏതായാലും പഞ്ചായത്ത് നൽകിയ 39 തൊഴിൽ കാർഡുകളിലും ആവശ്യമായ വിവരങ്ങളെല്ലാം എഴുതിചേർക്കാമെന്ന് അദ്ദേഹം ഏറ്റിട്ടുണ്ട്.

ആകെയുള്ള 107 ഗ്രാമപഞ്ചായത്തുകളിൽ 26 എണ്ണത്തിൽ പണിക്കാരുടെ വിവരമടങ്ങിയ മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല. മസ്റ്റർ റോൾ സൂക്ഷിച്ചിട്ടുള്ള പഞ്ചായത്തുകളിലാകട്ടെ, ചിലതെങ്കിലും കള്ളൊപ്പിട്ടിട്ടുണ്ട്. പണി നൽകിയ ദിവസങ്ങളുടെ എണ്ണവും പണിക്കാർക്കു നൽകിയ കൂലിയുടെ തുകയും ചിലദിക്കിൽ പൊരുത്തപ്പെടുന്നില്ലെന്നും കണ്ടെത്തി. ❑

നൽകുന്നു. അതായത് 19(1)(എ) പ്രകാരമുള്ള അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തെ ഇതു പരിമിതപ്പെടുത്തുന്നു. ഇത് രണ്ടും എങ്ങനെ പൊരുത്തപ്പെട്ടു പോകും?

ഇന്ത്യയിലേത് ഒരു ജനാധിപത്യ സംവിധാനമാണെന്നും, പരമാധികാരികൾ ജനങ്ങളാണെന്നും ഒരിക്കൽ അംഗീകരിച്ചാൽ, ഒരു തരത്തിൽ മാത്രമേ ഈ അനുഛേദങ്ങളെ പൊരുത്തപ്പെടുത്താൻ കഴിയൂ. അത് 19(1)(എ) അനുഛേദപ്രകാരമുള്ള അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്ന് പ്രാമുഖ്യം കല്പിച്ചുകൊണ്ടുള്ളതായിരിക്കും. അതായത്, കോർട്ടലക്ഷ്യത്തിന്ന് രണ്ടാം സ്ഥാനമേ കല്പിക്കാനാകൂ. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ജഡ്ജിമാരെ വിമർശിക്കാനുള്ള അധികാരവും സ്വാതന്ത്ര്യവും ജനങ്ങൾക്കുണ്ട്; എന്നാൽ കോടതിയുടെ പ്രവർത്തനം അസാധ്യമോ വിഷമകരമോ ആകുന്നിടത്തോളം അത് എത്താൻ പാടില്ല.

ഒരു പ്രവൃത്തി കോർട്ടലക്ഷ്യമാണോ അല്ലയോ എന്നു നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം ഇതാണ്: ജഡ്ജിമാരുടെ പ്രവർത്തനം അസാധ്യമോ അത്യന്തം വിഷമകരമോ ആക്കുന്നുണ്ടോ? ഇല്ലെങ്കിൽ അത് കടുത്ത വിമർശനമായാൽപോലും, അത് കോർട്ടലക്ഷ്യമാകില്ല. നമ്മുടെ കോർട്ടലക്ഷ്യ നിയമം ബ്രിട്ടീഷ് ഭരണത്തിന്റെ ഒരവശിഷ്ടമാണ്. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ഇന്ത്യ സ്വതന്ത്രമായിരുന്നില്ല; ഇവിടെ ജനാധിപത്യവുമുണ്ടായിരുന്നില്ല, അതിന്നും പുറമെ അനുഛേദം 19(1)(എ) പോലെയുള്ള വ്യവസ്ഥകളടങ്ങിയ ഒരു ഭരണഘടനയും ഇവിടെ ഉണ്ടായിരുന്നില്ല. ആ നിലക്ക്, അക്കാലത്തെ നിയമങ്ങൾ ഇന്നെങ്ങനെ എടുത്തുപയോഗിക്കാൻ പറ്റും?

ഒരു ജഡ്ജിയെന്ന നിലക്കുള്ള എന്റെ പ്രവർത്തനത്തെ അസാധ്യമാക്കുന്ന സ്ഥിതിവിശേഷത്തിൽമാത്രമേ എനിക്കെന്തെങ്കിലും നടപടിയെടുക്കേണ്ടതായി വരൂ. ഉദാഹരണത്തിന്ന്, ഒരാൾ വേദിയിൽ ചാടിക്കയറി കോടതിരേഖകൾ തട്ടിയെടുത്ത് ഓടിപ്പോകുകയോ അല്ലെങ്കിൽ കോടതിയിൽകിടന്ന് ബഹളം കൂട്ടുകയോ, അതുമല്ലെങ്കിൽ സാക്ഷികളെ ഭീഷണിപ്പെടുത്തുകയോ ചെയ്താൽ, അയാൾക്കെതിരെ കോർട്ടലക്ഷ്യനടപടി സ്വീകരിക്കേണ്ടിവരും.

കോടതിയെ "അവഹേളിക്കുക" എന്നത് എങ്ങനേയും വ്യാഖ്യാനിക്കാവുന്ന ഒരു കുറ്റമാണെന്നും, അതിൽ നീതിയും നിയമവുമൊന്നുമില്ലെന്നും ഇന്ത്യയിലെ അഭിഭാഷക പ്രമുഖനായ ഫാലീ നരിമാൻ ഒരു പ്രഭാഷണത്തിൽ പറയുകയുണ്ടായി. കോർട്ടലക്ഷ്യ നിയമത്തിന്ന് ഒരു അതിരും അതിർത്തിയും ഉണ്ടാകണമെന്ന അദ്ദേഹത്തിന്റെയും മറ്റുള്ളവരുടേയും വാദം തീർത്തും ശരിയാണ്. എന്താണ് തെറ്റ്, എന്താണ് ശരി എന്നറിഞ്ഞിരിക്കാൻ ഒരു പൗരന്നവകാശമുണ്ട്. കോർട്ടലക്ഷ്യ നിയമം അനിശ്ചിതമായിരിക്കുന്നതിന്റെ കാരണം രണ്ടാണ്. 1952ൽ കോർട്ടലക്ഷ്യ നിയമമുണ്ടാക്കിയപ്പോൾ, കോർട്ടലക്ഷ്യം എന്നതിന്ന് നിർവ്വചനം നൽകിയിരുന്നില്ല എന്നതാണ് ഒന്ന്. 1971ൽ കോർട്ടലക്ഷ്യത്തിനൊരു നിർവ്വചനം നൽകിയപ്പോൾ കോടതിയെ അവഹേളിക്കുക എന്നാൽ എന്താണെന്നോ, നീതിന്യായ നിർവ്വഹണത്തിന്ന് തടസ്സമുണ്ടാക്കൽ എന്താണെന്നോ നിർവ്വചിച്ചില്ല. ഇന്നലെ അവഹേളനമായി കരുതിയിരുന്നത് ഇന്ന് അവഹേളനമാകണമെന്നില്ല. ഇന്നലെ നീതിന്യായ നിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നതായി കരുതിയിരുന്നത് ഇന്ന് അങ്ങനെയാകണമെന്നില്ല.

1765ൽ ഇംഗ്ലണ്ടിൽ ജ: വിൽമോട്ട് എഴുതിയ ഒരു വിധിന്യായത്തിലാണ് കോർട്ടലക്ഷ്യം എന്ന ഏർപ്പാട് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. കോടതികളുടെ അധികാരം സ്ഥാപിച്ചെടുക്കു

ന്നതിന് ഇത്തരമൊരു കോർട്ടലക്ഷ്യാധികാരം ആവശ്യമാണെന്നാണ് അതിൽ പറഞ്ഞിരുന്നത്. പിന്നീട് വന്ന കോടതികളെല്ലാം ഈ സിദ്ധാന്തം അംഗീകരിച്ചു – ഇംഗ്ലണ്ടിലെ മാത്രമല്ല, മറ്റു രാജ്യങ്ങളിലെ കോടതികളും അത് ഏറ്റുപിടിച്ചു. പക്ഷെ, കോടതിക്ക് ഈ അധികാരവും അന്തസ്സും എവിടെനിന്നു കിട്ടി? ഇംഗ്ലണ്ടിൽ രാജാവ് നല്കിയ അധികാരമാണിത്. പണ്ട് കേസിൽ വിധി പറഞ്ഞിരുന്നതുതന്നെ രാജാവായിരുന്നു. പിൽക്കാലത്ത് ആ അധികാരം ജഡ്ജിമാർക്ക് കൈമാറുകയാണുണ്ടായത്. അപ്പോൾ രാജവാഴ്ചയിൻകീഴിൽ, രാജാവ് ഏല്പിക്കുന്ന അധികാരമാണ് ജഡ്ജി കൈകാര്യം ചെയ്യുന്നത്. അപ്പോൾ ജഡ്ജിക്ക് ഒരു രാജാവിനൊത്ത അന്തസ്സും ആഭിജാത്യവും വേണം. എന്നാൽ ഒരു ജനാധിപത്യത്തിൽ സ്ഥിതി തീർത്തും വ്യത്യസ്തമാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ ജഡ്ജിമാർക്കു കിട്ടുന്ന അധികാരം ജനങ്ങൾ ഏല്പിച്ചുകൊടുക്കുന്ന അധികാരമാണ്.

ഒരു ജനാധിപത്യ സംവിധാനത്തിൽ ജഡ്ജിമാർക്ക് തങ്ങളുടെ അധികാരം സ്ഥാപിച്ചെടുക്കേണ്ടതില്ല; അന്തസ്സും ആഭിജാത്യവും പ്രകടിപ്പിക്കേണ്ട കാര്യവുമില്ല. ജനങ്ങളുടെ വിശ്വാസത്തിൽനിന്നും വന്നുചേരുന്നതാണ് ജഡ്ജിമാരുടെ അധികാരം; ഈ ജനവിശ്വാസമാകട്ടെ, ജഡ്ജിമാരുടെ പെരുമാറ്റത്തിൽനിന്നും അവരുടെ ആർജ്ജവബുദ്ധിയിൽനിന്നും നിഷ്പക്ഷതയിൽനിന്നും പാണ്ഡിത്യത്തിൽനിന്നും സംജാതമാകുന്നതുമാണ്. ഇംഗ്ലണ്ടിൽപോലും ഇന്ന് ഈയൊരു നിലപാടാണ് അനുവർത്തിച്ചുവരുന്നത്.

ഒരു ജഡ്ജിയുടെ ഏറ്റവും നല്ല രക്ഷാകവചം അയാളുടെ ആർജ്ജവബുദ്ധി സംബന്ധിച്ച പ്രശസ്തിയാണ്. നട്ടെല്ലുള്ള, സത്യസന്ധനായ ഒരു ജഡ്ജിക്കും കോർട്ടലക്ഷ്യാധികാരം എടുത്തു കൈകാര്യം ചെയ്യേണ്ടിവരില്ല. അത്യസാധാരണമായ സാഹചര്യങ്ങളിൽ വിരളമായി മാത്രമേ കോർട്ടലക്ഷ്യനിയമം ഉപയോഗപ്പെടുത്താവൂ. ഒരു ജഡ്ജിയുടെ പ്രവർത്തനം അസാധ്യമാക്കുന്നത്, അല്ലെങ്കിൽ വിഷമകരമാക്കുന്നത് എന്തെല്ലാമാണെന്നതിനെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടാകാം. ഉദാഹരണത്തിന്ന് വിചാരണയിലിരിക്കുന്ന ഒരു കേസിനെപ്പറ്റി പത്രക്കാരും വക്കീൽമാരുമടക്കമുള്ള പൊതുജനങ്ങൾ അഭിപ്രായം പറഞ്ഞാൽ അത് കോർട്ടലക്ഷ്യമാകുമോ? ഇല്ല എന്നാണ് ഞാൻ പറയുക. ഏതൊരു സാഹചര്യത്തിലും പതറാതിരിക്കാനുള്ള തന്റേടം ഒരു ജഡ്ജിക്കുണ്ടാകണം.

ഇംഗ്ലണ്ടിലും അമേരിക്കയിലും കോമൺവെൽത്ത് രാജ്യങ്ങളിലുമെന്നപോലെ ഇന്ത്യയിലും കാലഹരണം വന്ന പഴഞ്ചൻ സമീപനത്തിന്നു പകരം ആധുനികമായ, ജനാധിപത്യപരമായ പുതിയൊരു സമീപനം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ അത്യപൂർവ്വമായേ കോർട്ടലക്ഷ്യ നടപടികൾ ഉണ്ടാകാറുള്ളൂ. ജഡ്ജിയെ അവഹേളിച്ചുവെന്നതിനുള്ള കോർട്ടലക്ഷ്യം ഇംഗ്ലണ്ടിൽ കാലഹരണംവന്ന ഒന്നാണെന്നും അതിനാൽ അത് അവഗണിക്കാവുന്നതാണഎന്നും ഗാർഡിയൻ പത്രത്തിന്നെതിരായ ഒരു കേസിൽ (1985) ഡിപ്‌ലോപ്പ് പ്രഭു പറയുകയുണ്ടായി.

കോർട്ടലക്ഷ്യാധികാരമെന്നത് ഒരു വിവേചനാധികാരമാണെന്ന വസ്തുത പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. അതായത്, ഒരാൾ ശരിക്കും കോർട്ടലക്ഷ്യം കാണിച്ചാൽതന്നെ, അയാൾക്കെതിരെ നടപടിയെടുക്കാതിരിക്കാനും ജഡ്ജിക്ക് അധികാരമുണ്ട്.

(സുപ്രീം കോടതി ജഡ്ജിയായ മാർക്കാണ്ഡേയകാട്ജു ദൽഹിയിലെ ഇന്ത്യൻ സൊസൈറ്റി ഓഫ് ഇന്റർനാഷനൽ ലോയിൽ നടത്തിയ ഒരു പ്രഭാഷണത്തിന്റെ സംഗ്രഹം.) ❏

# മനസ്സിനെ മുരടിപ്പിക്കുന്നത് ഭയവും സ്വാർത്ഥ ചിന്തയും

**- ചൈതന്യ സിംഹ -**

ഞാൻ ഈയിടെ എന്റെ സതീർത്ഥ്യനായിരുന്ന ഒരു സുഹൃത്തിന്റെ വീട്ടിൽ പോയിരുന്നു. ടെലിവിഷൻ കണ്ടുകൊണ്ടിരുന്ന അഞ്ചുവയസ്സുള്ള അദ്ദേഹത്തിന്റെ മകൾ ഓടിവന്ന് "എന്താണീ ദളിത്" എന്ന് ചോദിച്ചു. പ്രശസ്തമായ ഒരു കോളേജിൽനിന്ന് MBA ബിരുദം നേടിയ ഒരാളാണെങ്കിലും എന്റെ സുഹൃത്തിന് അതറിയില്ലായിരുന്നു. പിന്നോക്ക ജാതിക്കാരാണ്; അയിത്തക്കാരാണ് എന്നും മറ്റും പറഞ്ഞു നിർത്തി. "അപ്പോൾ അവർ OBC ക്കാരാണ് അല്ലേ" എന്ന് ആ കുട്ടി ചോദിച്ചു.

അത്ഭുതകരമായ, പരസ്പരവിരുദ്ധമായ. അസ്വാസ്ഥ്യ ജനകമായ രണ്ടുകാര്യങ്ങൾ ചൂണ്ടിക്കാട്ടാനാണ് ഞാനീ സംഭാഷണം ഇവിടെ ഉദ്ധരിച്ചത് -

1. സമൂഹത്തിലെ വകഭേദങ്ങളെക്കുറിച്ച് ഇന്നത്തെ ചെറുപ്പക്കാർ അത്യധികം ബോധമതികളായിത്തീർന്നിരിക്കുന്നു.

2. മുൻ തലമുറകളിലെ കുട്ടികൾക്ക് ഈ വക ഭേദ ചിന്തയില്ലായിരുന്നു.

സാമൂഹ്യമായ വകഭേദമോ വിവേചനമോ ഇല്ലാതെ വളർന്നുവന്ന കഴിഞ്ഞ തലമുറയിൽ പെട്ടവരുടെ കുട്ടികൾക്ക് അവരുടെ സാമൂഹ്യമായ ഉച്ചനീചത്വങ്ങളെക്കുറിച്ച് ഇങ്ങനെ ബോധമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് ചിന്തിക്കാൻ ഈ സംഭവം ഇടയാക്കി. മതഭ്രാന്താണോ ഇതിന്നുകാരണം? രാഷ്ട്രീയ കച്ചവടമാണോ? മനസ്സിൽ അടിഞ്ഞുകൂടിയ ഭയമാണോ? അതോ മാധ്യമങ്ങളാണോ കാരണം?

ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്ത് രാവിലത്തെ അസംബ്ലി മുതൽ വൈകുന്നേരത്തെ യോഗപഠനം വരെ തട്ടും തടവുമില്ലാത്ത ഒരൊഴുക്കായിരുന്നു. ഞങ്ങൾക്ക് അധ്യാപകരായും സുഹൃത്തുക്കളായും എല്ലാ നാട്ടുകാരും എല്ലാ നിറക്കാരും ഉണ്ടായിരുന്നു. അതൊന്നും ആർക്കും ചിന്താവിഷയമേ ആകാറില്ല. ക്ലാസിൽ എത്രത്തോളം കുഴപ്പമുണ്ടാക്കാം, എത്രത്തോളം തമാശക്ക് വകയുണ്ട് എന്നതു മാത്രമായിരുന്നു ഞങ്ങളുടെ ചിന്താവിഷയം. അധ്യാപകരെ ഞങ്ങൾ മൂന്നു തരമായി തരംതിരിച്ചിരുന്നു - (1) ഉഗ്രൻമാർ; ഇവരുടെ അടുത്ത് കളിക്കാൻ നിൽക്കരുത് (2) ഗൗരവക്കാർ; കൂസലില്ലാത്തവരാണെങ്കിലും സൗമ്യപ്രകൃതമാണ്. (3) രസികൻമാർ; ഇവരെ എങ്ങനെയും കൈകാര്യം ചെയ്യാം. അതുപോലെ ഞങ്ങളുടെ സുഹൃത്തുക്കൾക്ക് സുനിശ്ചിതമായ കൂട്ടുകെട്ടുകളുണ്ടായിരുന്നു - ചടഞ്ഞിരുന്ന് പഠിക്കുന്നവർ; കളിച്ചു നടക്കുന്നവർ; വികൃതികൾ; വഴക്കാളികൾ, കലാകാരൻമാർ എന്നിങ്ങനെ. എന്നാൽ മതത്തെപ്പറ്റിയോ ജാതിയെപ്പറ്റിയോ ആരും ഒരിക്കലും ചിന്തിച്ചിരുന്നില്ല.

ഞാനും സഹോദരിയും കുട്ടികളായിരുന്നപ്പോൾ, എല്ലാ വിശേഷാവസരങ്ങളും ഞങ്ങളുടെ വീട്ടിൽ ആഘോഷിക്കാറുണ്ട്- ദീപാവലി, ഹോളി, ക്രിസ്മസ്, ഈദ്, പാഴ്സി നവവത്സരദിനം എന്നിവയെല്ലാം ആഘോഷിച്ചി

രുന്നു. വിശേഷാവസരങ്ങൾ എത്താൻ ഞങ്ങൾ കാത്തിരിക്കും; ഒന്നുകിൽ വീട്ടിൽ വച്ചായിരിക്കും ആഘോഷം; അല്ലെങ്കിൽ അയൽക്കാരുടെ കൂടെ. ക്രിസ്മസിന് അടുത്തുള്ള പള്ളിയിൽ ആയയുടെകൂടെ പോകാറുള്ളതിന്റെയും അമ്മയുടെ സുഹൃത്തായ മറിയം അമ്മായിയുടെ കൂടെ മാഹിം ദർഗയിൽ റംസാന്ന് പോയിരുന്നതിന്റേയും മധുര സ്മരണകൾ ഞാനിന്നും അയവിറക്കുന്നു. യാതൊരു ഭേദചിന്തയുമില്ലാതെ ഞങ്ങൾ ഒന്നായി കഴിഞ്ഞിരുന്ന കാലമാണത്. മതമെന്നത് ദൈവവുമായുള്ള വ്യക്തിപരമായ ബന്ധമായേ അന്നു കരുതിയിരുന്നുള്ളൂ. ആ ദൈവം ആരുമായികൊള്ളട്ടെ.

ആ കാലമെല്ലാം മാറിയതായിതോന്നുന്നു. ഇന്ന് നമ്മുടെയെല്ലാം മനസ്സിൽ ഭയമുണ്ട്; അവിശ്വാസമുണ്ട്. മറ്റുള്ളവർ നമ്മോട് അടുക്കുന്നതിനെ നാം ഇഷ്ടപ്പെടുന്നില്ല. അതുപോലെ മറ്റുള്ളവരോട് അടുക്കാൻ നമുക്കും മടിയാണ്. പരസ്പരം പഴി പറയുന്നു. ഒരു വിഷമവൃത്തത്തിലൂടെ ഓടിക്കൊണ്ടിരിക്കുകയാണ് നമ്മൾ. വിദ്വേഷം നാം കുപ്പിയിലാക്കി കണ്ടമാനം വിതരണം ചെയ്യുന്നു. വിദ്വേഷം ശമിപ്പിച്ച് അനുകമ്പ വളർത്താനല്ല നാം ശ്രമിക്കുന്നത്. ഇത് കുടുംബങ്ങളെ ഭിന്നിപ്പിക്കുന്നു; സുഹൃത്തുക്കൾക്കിടയിൽ മതിൽകെട്ടുകളുണ്ടാക്കുന്നു. വാതിലുകളും ജനലുകളും കൊട്ടിയടച്ച് സ്വരക്ഷ ഉറപ്പാക്കലാണ് ഏകപോംവഴിയായി നാം കാണുന്നത്.

നമുക്കുചുറ്റും ഇതെല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ, അത് ഏറ്റവുമധികം ബാധിക്കുന്നത് നമ്മുടെ കുട്ടികളെയാണ്. നമ്മുടെ ഭയങ്ങളും അരക്ഷിതത്വബോധവും മാരകമായ പകർച്ചവ്യാധിയെന്നപോലെ നമ്മുടെ കുട്ടികളുടെ ഇളം മനസ്സുകളേയും ബാധിക്കുന്നു. അതവരിൽ മുൻവിധികൾ വളർത്തുന്നു. ഇതെല്ലാം എന്നെ വല്ലാതെ അസ്വസ്ഥനാക്കുന്നുണ്ട്. കാരണം, നാലുമാസം മാത്രം പ്രായമായൊരു മകൾ എനിക്കുണ്ട്. ഇപ്പോൾ എന്റെ ചിന്ത മുഴുവനും അവളെക്കുറിച്ചാണ്. അവൾക്ക് ആരോഗ്യവും സമ്പത്തും സന്തുഷ്ടിയുമുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു; അതിന്നായി പ്രാർത്ഥിക്കുന്നു. പക്ഷപാതങ്ങളും ദ്വേഷബുദ്ധിയും അവളെ ബാധിക്കരുതേ എന്നുപ്രാർത്ഥിക്കുന്നു. അവൾ കരുത്തുള്ള, സ്വാശ്രയത്വമുള്ള, സ്വതന്ത്രമായി ചിന്തിക്കുന്ന, ധീരയായ, കാരുണ്യമുള്ള ഒരാളായി വളരണമെന്നാണെന്റെ ആഗ്രഹം. മറ്റുള്ളവർക്ക് ഉദാരമായി നൽകാനും മറ്റുള്ളവരിൽനിന്ന് നിസ്സങ്കോചം സ്വീകരിക്കാനും അവൾക്ക് കഴിയണം.

മുറിഞ്ഞ പാലങ്ങൾ പുതുക്കിപണിയുന്നതിൽ നാമെല്ലാം നമ്മുടെതായ പങ്കുവഹിക്കേണ്ടതാവശ്യമാണെന്ന് ഞാൻ കരുതുന്നു. ശത്രുതാമനോഭാവം നാം ബോധപൂർവ്വം തുടച്ചുമാറ്റണം. നമ്മുടെ കുട്ടികൾക്ക് സുരക്ഷിതമായൊരു ഭാവിയുണ്ടാക്കാൻ നമുക്കു കഴിയണം. ശരിയാണെന്നു നാം വിശ്വസിക്കുന്നതിന്നുവേണ്ടി ഉറച്ചുനിന്ന് ശബ്ദമുയർത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. മർദ്ദിതരേയും ദുർബലരേയും നാം സംരക്ഷിക്കണം. സർവ്വോപരി നാം നമ്മുടെ പ്രവൃത്തികൾക്ക് നമ്മോടും നമ്മുടെ മനസ്സാക്ഷിയോടും സമാധാനം പറയണം. നാമിന്ന് വിതയ്ക്കുന്ന വിത്തിന്റെ ഫലം നമ്മുടെ കുട്ടികൾ കൊയ്യുമ്പോൾ അത് സദ്ഫലമായിരിക്കുമെന്ന് നാം ഉറപ്പുവരുത്തണം. ഭൂതകാലത്തെച്ചൊല്ലി ബഹളം കൂട്ടുന്നതിന്നു പകരം നാം നല്ലൊരു ഭാവിക്കുവേണ്ടി യത്നിക്കണം. ❑

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# അതിസമ്പന്നരിൽ മൂന്നിലൊന്ന് അമേരിക്കയിൽ

- ജയിംസ് റൻഡേഴ്സൺ -

**ലോ**കത്തിലെ ജനങ്ങളിൽ ഒരു ശതമാനം വരുന്ന അതിസമ്പന്നർ ലോകത്തിലെ സമ്പത്തിന്റെ 40 ശതമാനവും കയ്യടക്കിവച്ചിരിക്കുന്നു. ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിലുള്ള ഒരു വിദഗ്ധ സംഘം നടത്തിയ വിപുലമായൊരു പഠനത്തിൽ കണ്ടെത്തിയതാണിത്.

ഈ അതിസമ്പന്നരിലധികവും ധനകാര്യസ്ഥാപനങ്ങളിലും ഇന്റർനെറ്റ് രംഗത്തും സേവനമനുഷ്ഠിക്കുന്നവരാണ്. യൂറോപ്പ്, അമേരിക്ക, ചില ഏഷ്യ പസഫിക് രാജ്യങ്ങൾ എന്നിവിടങ്ങളിലാണ് അതിസമ്പന്നരിലധികവും ജീവിക്കുന്നത്.

അതിസമ്പന്നരിൽ മൂന്നിലൊന്ന് അമേരിക്കയിലാണെങ്കിൽ 27 ശതമാനം കൊച്ചു ജപ്പാനിലാണ്. അതിസമ്പന്നരിൽ ആറു ശതമാനമേ ബ്രിട്ടനിലുള്ളൂ; ഫ്രാൻസിൽ അഞ്ചുശതമാനവും.

ആളോഹരി സമ്പത്തിന്റെ കാര്യത്തിലും ബ്രിട്ടൻ മൂന്നാം സ്ഥാനത്താണ്. ആളോഹരി സമ്പത്തിൽ ജപ്പാൻകാരാണ് ഒന്നാം സ്ഥാനത്ത് - 1,81,000 ഡോളറിന്റെ സമ്പത്ത്; അമേരിക്കക്കാർക്ക് ആളോഹരി സമ്പത്ത് 1,44,000 ഡോളറാണെങ്കിൽ ബ്രിട്ടീഷുകാർക്ക് 1,20,000 ഡോളറാണ്. ഏറ്റവും അടിയിൽ കിടക്കുന്ന രാജ്യങ്ങളിലൊന്നായ ഇന്ത്യയിൽ ആളോഹരി സമ്പത്ത് 1,100 ഡോളർ മാത്രമാണ്. ഇൻഡോനേഷ്യക്ക് 1,400 ഡോളറുണ്ട്.

ന്യൂയോർക്കിലെ ഐക്യ രാഷ്ട്ര യൂനിവേഴ്സിറ്റിയിലെ ഗവേഷണസ്ഥാപനത്തിന്റെഡയറക്ടറായ അന്തോണി ഷെറോക്സാണ് ഈ പഠനത്തിന് നേതൃത്വം നൽകിയത്.

ലോകത്തിലെജനങ്ങളിൽ പത്തുശതമാനം വരുന്ന സമ്പന്നർ ലോകത്തിലെ സമ്പത്തിന്റെ 85 ശതമാനത്തിന്നും അധിപതികളാണ്; അതേ സമയം ലോകത്തിലെജനങ്ങളിൽ പകുതി വരുന്ന ദരിദ്രർക്ക് ലോകത്തിലെ സമ്പത്തിന്റെ ഒരു ശതമാനമേയുള്ളൂ.

ഇത്രവലിയ അസമത്വം ഭീകരമാണെന്ന് ഓക്സ്ഫാം ഗവേഷണ വിഭാഗത്തിന്റെ തലവനായ ഡങ്കൻ ഗ്രീൻ പറയുന്നു. ലോകത്തിലെ ജനങ്ങളിൽ 80 കോടി അത്താഴപട്ടിണി കിടക്കുമ്പോൾ ഇത്തരത്തിലുള്ള സമ്പത്തിനെ ന്യായീകരിക്കാനാവില്ല എന്ന് അദ്ദേഹം പറഞ്ഞു.

കുന്നുകൂടി കിടക്കുന്ന ഈ സമ്പത്തിൽ അല്പം വിതരണം ചെയ്താൽ ലോകത്തിലെ ദാരിദ്ര്യപ്രശ്നം തീരും. അതിസമ്പന്നർ അല്പം സമ്പത്ത് പാവങ്ങൾക്ക് വിതരണം ചെയ്യുകയേവേണ്ടൂ. ❏

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ – ആയുഷ്കാലം : 1000 ക.**